ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും
ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡ്

"ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും" ("എം.ഐ.ടി.സി.") എല്ലാ ക്രെഡിറ്റ് കാർഡുകൾക്കും/കാർഡ് അംഗങ്ങൾക്കും/ക്രെഡിറ്റ് കാർഡ് അപേക്ഷകർക്കും/ഐ.ഡി.ബി.ഐ. ബാങ്കിന്റെ ഉപഭോക്താവിനും/ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് ഉൽപ്പന്നത്തിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന പൊതുജനങ്ങൾക്കും ബാധകമാണ്. എം.ഐ.ടി.സി. ബാങ്കിന്റെ വിവേചനാധികാരത്തിലും കാലാകാലങ്ങളിൽ ബാധകമായ നിയമങ്ങൾക്കനുസൃതമായും മാറ്റങ്ങൾക്ക് വിധേയമാണ്, കൂടാതെ അവ കാർഡുടമ കരാറിന്റെ ("കാർഡ് ഉടമ കരാർ") നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പുറമേ ആയിരിക്കുന്നതും അവയോടു ചേർത്ത് വായിക്കേണ്ടതുമാകുന്നു. എം.ഐ.ടി.സി.യും കാർഡുടമാ കരാറും തമ്മിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടായാൽ, ഇതിനുകീഴിൽ മറ്റുവിധത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ, കാർഡുടമ കരാറിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഇവിടെ ഉപയോഗിച്ചിരിക്കുന്നതും എന്നാൽ ഇവിടെ നിർവചിച്ചിട്ടില്ലാത്തതുമായ എല്ലാ പദങ്ങൾക്കും കാർഡുഉടമാ കരാറിൽ നൽകിയിരിക്കുന്ന അർത്ഥം തന്നെയായിരിക്കും.

1. **ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂൾ**

a) **ജോയിനിംഗ് ഫീസും വാർഷിക അംഗത്വ ഫീസും**

ജോയിനിംഗ് ഫീസും വാർഷിക അംഗത്വ ഫീസും പ്രൈമറി, ആഡ്-ഓൺ ക്രെഡിറ്റ് കാർഡുകൾക്ക് ബാധകമാണ്. ഈ ഫീസുകൾ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡ് കാർഡ് ഉടമ ഏത് ഓഫറാണ് പ്രയോജനപ്പെടുത്തിയിരിക്കന്നത് എന്നതിനെ ആശ്രയിച്ച് വ്യത്യാസപ്പെടാം. ബാധകമായ രീതിയിൽ, ഏതെങ്കിലും ആഡ്-ഓൺ കാർഡ് ഉടമ(കൾ)ക്കുള്ള ഫീസ് ഉൾപ്പെടെയുള്ള ഈ ഫീസുകൾ, കാർഡ് ഇഷ്യൂ ചെയ്യുമ്പോൾ / പുതുക്കുമ്പോൾ ഉടമയുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്നതും അത് ഈടാക്കുന്ന മാസത്തെ പ്രതിമാസ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നതുമാണ്. ക്രെഡിറ്റ് കാർഡ് റദ്ദാക്കിയാൽ ഫീസിന്റ റീഫണ്ടൊന്നും ലഭിക്കുന്നതല്ല. നിലവിലെ ചാർജുകൾ അനുബന്ധ ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്നു.

b) **ക്യാഷ് അഡ്വാൻസ് ഫീസ്**

കാർഡ് ഉടമയ്ക്ക് 24 മണിക്കൂറും ഐ.ഡി.ബി.ഐ. ബാങ്കിലോ ഇന്ത്യയിലും വിദേശത്തുമുള്ള മറ്റ് എടിഎമ്മുകളിലോ പണം ലഭ്യമാകുന്നതാണ്. അത്തരം എല്ലാ ഇടപാടുകൾക്കും ക്യാഷ് അഡ്വാൻസ് പോസ്റ്റ് ചെയ്യുന്ന സമയത്ത് ഇടപാട് തുകയുടെ 2.5% അല്ലെങ്കിൽ 500 രൂപ ഏതാണോ ഉയർന്നത് അത് ഇടപാട് ഫീസ് ആയി ഈടാക്കുകയും അടുത്ത പ്രതിമാസ സ്റ്റേറ്റ്മെന്റിൽ കാർഡ് ഉടമയ്ക്ക് ബിൽ ചെയ്യുകയും ചെയ്യും. ഇടപാട് ഫീസ് ഐ.ഡി.ബി.ഐ. ബാങ്കിന്റെ വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമാണ്. ക്യാഷ് അഡ്വാൻസ് ഇടപാടുകൾക്ക്, പിൻവലിക്കൽ തീയതി മുതൽ ദിവസേനയുള്ള കുടിശ്ശിക തുകയിൽ കണക്കാക്കുന്ന നിലവിലുള്ള നിരക്കിൽ ഫിനാൻസ് ചാർജും ബാധകമാണ്. ബില്ലിംഗ് സൈക്കിളിന്റെ അവസാന ദിവസം ഫിനാൻസ് ചാർജ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്യപ്പെടും.

c) **ചാർജ്ജുകൾ**

(i) കാർഡ് അംഗത്തിന് ഐ.ഡി.ബി.ഐ. ബാങ്ക് നൽകുന്ന നിർദ്ദിഷ്ട സേവനങ്ങൾക്കും കാർഡ് അംഗം അയാളുടെ/അവളുടെ കാർഡ് അക്കൗണ്ടുമായി ബന്ധപ്പെട്ട് വരുത്തുന്ന വീഴ്ചകൾക്കും, കാലാകാലങ്ങളിൽ ബാധകമായേക്കാവുന്ന ചാർജുകളും ഫീസുകളും കാർഡ് അംഗങ്ങൾ നൽകേണ്ടതാണ്.

(ii) ഉപഭോക്താവിനെ യഥാവിധി അറിയിച്ചുകൊണ്ട്, ഉചിതമെന്ന് തോന്നുന്ന ഏത് ചാർജുകളും ഫീസുകളും കാലാകാലങ്ങളിൽ വ്യത്യാസപ്പെടുത്താനോ പുതിയ ചാർജുകളോ ഫീസുകളോ അവതരിപ്പിക്കാനോ ഉള്ള അവകാശം ഐ.ഡി.ബി.ഐ. ബാങ്കിൽ നിക്ഷിപ്തമാണ്.

(iii) ഞങ്ങളുടെ എല്ലാ ഫീസുകളിന്മേലും ചാർജുകളിന്മേലും നിലവിലുള്ള പരോക്ഷ നികുതി പ്രകാരം നികുതി ചുമത്തേണ്ട മറ്റ് തുകകളിന്മേലും ചരക്ക് സേവന നികുതി (ജി.എസ്.ടി.)

ഉൾപ്പെടെയുള്ള ബാധകമായ പരോക്ഷ നികുതികൾ ഈടാക്കുമെന്ന് ദയവായി അറിയുക.

(iv) പണമടയ്ക്കുന്നതിനുള്ള അവസാന തീയതിക്കുള്ളിൽ കുടിശ്ശികയുള്ള മിനിമം തുക അടച്ചില്ലെങ്കിൽ പണമടവ് വൈകിയതിനുള്ള ചാർജ് ബാധകമാകുന്നതാണ്.

(v) മൊത്തം കുടിശ്ശിക തുക അനുവദിച്ചിരിക്കുന്ന ക്രെഡിറ്റ് പരിധി കവിയുന്ന സാഹചര്യത്തിൽ പരിധി കവിയൽ ചാർജ്ജുകൾ ബാധകമാണ്.

(vi) എല്ലാ വിദേശ കറൻസി ഇടപാടുകൾക്കും ഉപയോഗിക്കുന്ന വിനിമയ നിരക്ക് വിസ/മാസ്റ്റർകാർഡ്/റുപേ & ഐ.ഡി.ബി.ഐ. ബാങ്ക് തീരുമാനിക്കും, കാർഡ് ഉടമയ്ക്ക് അത് ബാധകമായിരിക്കും. എല്ലാ അന്താരാഷ്ട്ര ഇടപാടുകൾക്കും ക്രോസ്-കറൻസി കൺവേർഷൻ നിരക്കിനേക്കാൾ 3.5% അധിക മാർജിൻ ഉണ്ടായിരിക്കും.

d) <u>പലിശ രഹിത കാലയളവ്</u>

പലിശ രഹിത ക്രെഡിറ്റ് കാലയളവ്, നിർദ്ദിഷ്ട ക്രെഡിറ്റ് കാർഡിൽ ബാധകമായ സ്കീമിനും (ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂൾ കാണുക) വ്യാപാരി ക്ലെയിമുകൾ സമർപ്പിക്കുന്നതിനും വിധേയമായി 18 മുതൽ 48 ദിവസം വരെയാകാം. എന്നിരുന്നാലും, കഴിഞ്ഞ മാസത്തെ ബാലൻസ് പൂർണ്ണമായി അടച്ചിട്ടില്ലെങ്കിലോ കാർഡ് അംഗം എ.ടി.എമ്മിൽ നിന്ന് പണം എടുത്തിട്ടുണ്ടെങ്കിലോ ഇത് ബാധകമല്ല.

ഉദാഹരണത്തിന്: ജൂൺ 21 മുതൽ ജൂലൈ 20 വരെയുള്ള കാലയളവിലെ സ്റ്റേറ്റ്മെന്റിന്, പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 07 ആയിരിക്കും. കഴിഞ്ഞ മാസത്തെ സ്റ്റേറ്റ്മെന്റിലെ ആകെ കുടിശ്ശിക തുക പണമടയ്ക്കുന്നതിനുള്ള അവസാന തീയതിയോടെ അടച്ചു എന്ന് കരുതുക, പലിശ രഹിത കാലയളവ് ഇതായിരിക്കും:

1. ജൂൺ 21-ന് നടത്തിയ ഒരു വാങ്ങലിന്, പലിശ രഹിത കാലയളവ് ജൂൺ 21 മുതൽ ഓഗസ്റ്റ് 07 വരെ, അതായത് 48 ദിവസമാണ്.
2. ജൂലൈ 14-ന് തീയതി നടത്തിയ ഒരു വാങ്ങലിന്, പലിശ രഹിത കാലയളവ് ജൂലൈ 14 മുതൽ ഓഗസ്റ്റ് 07 വരെ, അതായത് 25 ദിവസമാണ്. അതിനാൽ, വാങ്ങൽ തീയതിയെ ആശ്രയിച്ച് പലിശ രഹിത കാലയളവ് വ്യത്യാസപ്പെടാം. എന്നിരുന്നാലും, മുൻ മാസത്തെ ആകെ കുടിശ്ശിക തുക പണമടയ്ക്കുന്നതിനുള്ള അവസാന തീയതിക്കുള്ളിൽ അടച്ചില്ലെങ്കിൽ, സൗജന്യ ക്രെഡിറ്റ് കാലയളവ് നഷ്ടപ്പെടുകയും പലിശരഹിത കാലയളവൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്യും. ക്യാഷ് അഡ്വാൻസുകൾക്ക്, ഇടപാട് തീയതി മുതൽ പണമടയ്ക്കൽ തീയതി വരെ പലിശ ഈടാക്കും.

കുറിപ്പ്: ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂളിനായി അനുബന്ധം പരിശോധിക്കുക.

2. <u>ഫിനാൻസ്/പലിശ/സേവന ചാർജ്ജുകൾ</u>

(i) കാർഡ് അംഗം തന്റെ ബാലൻസ് പൂർണ്ണമായി അടയ്ക്കണ്ട എന്നു തീരുമാനിക്കുകയാണെങ്കിൽ, ഇടപാട് തീയതി മുതൽ എല്ലാ ഇടപാടുകൾക്കും, കാർഡ് അംഗം എടുത്ത എല്ലാ ക്യാഷ് അഡ്വാൻസുകൾക്കും, അവ തിരികെ അടയ്ക്കുന്നതു വരെ, പ്രതിമാസ ശതമാനം നിരക്കിൽ ഫിനാൻസ് ചാർജ്ജുകൾ അടയ്ക്കേണ്ടതാണ്. ഫിനാൻസ് ചാർജ്ജുകൾ, അടയ്ക്കണമെങ്കിൽ, കാർഡിലെ കുടിശ്ശിക പൂർണ്ണമായി അടയ്ക്കുന്നത് വരെ കാർഡ് അംഗത്തിന്റെ അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്യപ്പെടും.

(ii) ക്യാഷ് അഡ്വാൻസുകളിന്മേലുള്ള ഫിനാൻസ് ചാർജ്ജുകൾ ഇടപാട് തീയതി മുതൽ പൂർണ്ണമായി പണമടയ്ക്കുന്നത് വരെ ബാധകമാണ്.

(iii) ഉപഭോക്താവ് കുടിശ്ശികയുള്ള തുക കാരി ഫോർവേഡ് ചെയ്യുകയോ ക്യാഷ് അഡ്വാൻസ് എടുക്കുകയോ ചെയ്യുമ്പോൾ, ദിവസേനയുള്ള ബാലൻസിൽ കണക്കാക്കുന്ന ഒരു ഫിനാൻസ് ചാർജ്, കാരി ഫോർവേഡ് ചെയ്ത ബാലൻസുകൾക്കും പുതിയ ബില്ലുകൾക്കും ബാധകമാകും.

(iv) ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിന്റെ റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം ഒരു കാർഡ് ഉടമ ഉപയോഗിക്കുകയും അതുവഴി പ്രതിമാസ ബില്ലിംഗ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്ന ആകെ തുകയേക്കാൾ കുറഞ്ഞ തുക അടയ്ക്കാൻ തീരുമാനിക്കുകയും ചെയ്താൽ, കുടിശ്ശികയുള്ള മുഴുവൻ തുകയും ഫിനാൻസ് ചാർജുകൾക്ക് വിധേയമാകുകയും, മുൻ കുടിശ്ശിക തുകകൾ പൂർണ്ണമായും തിരിച്ചടയ്ക്കുന്നതുവരെ എല്ലാ പുതിയ

ഇടപാടുകൾക്കും ഫിനാൻസ് ചാർജുകൾ ബാധകമാകുകയും ചെയ്യുന്നതാണ്.

(v) പണമടയ്ക്കുന്നതിനുള്ള അവസാന തീയതിക്കുള്ളിൽ അടയ്ക്കേണ്ട മിനിമം തുക അടച്ചില്ലെങ്കിൽ പണമടവ് വൈകിയതിനുള്ള ചാർജുകൾ ബാധകമാകും. അടയ്ക്കേണ്ട മിനിമം തുകയായി സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന തുകയാണ് അടയ്ക്കേണ്ട മിനിമം തുക. പണമടവ് വൈകിയതിനുള്ള ചാർജുകൾ ഒഴിവാക്കാൻ, പണമടയ്ക്കേണ്ട അവസാന തീയതിയിലോ അതിന് മുമ്പോ ഐ.ഡി.ബി.ഐ. ബാങ്ക് കാർഡ് അക്കൗണ്ടിലേക്ക് ക്ലിയർ ഫണ്ടുകൾ ക്രെഡിറ്റ് ചെയ്യേണ്ടതുണ്ട്. പണമടവ് വൈകിയതിനുള്ള ചാർജുകൾ ചുവടെ കാണിച്ചിരിക്കുന്ന പ്രകാരമാണ് ബാധകമാകുന്നത്

പണമടവ് വൈകിയതിനുള്ള ചാർജുകൾ (ഓരോ അവസരത്തിലും, കുടിശ്ശിക തുകയുടെ അടിസ്ഥാനത്തിൽ)	< = ₹500 – ഇല്ല > ₹500 മുതൽ < = ₹5000 - ₹400 > ₹5000 മുതൽ < = ₹10000 - ₹500 > ₹10000 മുതൽ < = ₹20000 - ₹750 > ₹20000 - ₹950

(vi) ക്രെഡിറ്റ് പരിധി കവിയുന്ന ആകെ കുടിശ്ശികയ്ക്ക് പരിധി കവിഞ്ഞ തുകയുടെ 2.5% നിരക്കിൽ, കുറഞ്ഞത് ₹500 എന്നതിനു വിധേയമായി ഓവർ ലിമിറ്റ് ചാർജുകൾ ബാധകമാകും.

ചുവടെയുള്ള ചിത്രീകരണം വിവിധ ചാർജുകൾ കണക്കാക്കുന്ന രീതി സൂചിപ്പിക്കുന്നു -

ഉദാഹരണം 1: റീട്ടെയിൽ പർച്ചേസുകളുടെ പലിശ/സേവന ചാർജുകൾ (കുടിശ്ശികയുടെ ഭാഗിക പേയ്മെന്റ്)

മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

തീയതി	തീയതി	തുക
ഏപ്രിൽ 10	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹15,000/-
ഏപ്രിൽ 15	വസ്ത്രങ്ങളും അക്സസറികളും വാങ്ങിയത്	₹5,000/-
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹20,000/-അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 08	പണമടയ്ക്കേണ്ട അവസാന തീയതി	അടയ്ക്കേണ്ട ആകെ തുക = ₹20,000/-അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 12	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ് മെന്റ് *(പണമടവ് വൈകിയതിനുള്ള ചാർജുകൾ ഇവിടെ ബാധകമാകും) ₹2,000 (ക്രെഡിറ്റ്)*	₹2,000 (ക്രെഡിറ്റ്)

മേയ് 14	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	₹1,000/-
മേയ് 15	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ് മെന്റ്	₹15,000 (ക്രെഡിറ്റ്)

അങ്ങനെ, മെയ് 20 തീയതിയിലുള്ള സ്റ്റേറ്റ്മെന്റിൽ, നിങ്ങൾ അടയ്ക്കേണ്ട ആകെ തുകയുടെ ഘടകങ്ങളായി ഇനിപ്പറയുന്നവ പ്രതിഫലിക്കും:

പലിശ കണക്കാക്കിയത് = (അടയ്ക്കാൻ ബാക്കിനില്ക്കുന്ന തുക x 2.90%* പ്രതിമാസം

x 12 മാസം x ദിവസങ്ങളുടെ എണ്ണം) / 365 അതിനാൽ,

(a) ഏപ്രിൽ 10 മുതൽ മെയ് 11 വരെ (അതായത് 32 ദിവസത്തേക്ക്) ₹15000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹457.64 മെയ് 12 മുതൽ മെയ് 14 വരെ (അതായത് 3 ദിവസത്തേക്ക്) ₹13000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹37.18 ഏപ്രിൽ 15 മുതൽ മെയ് 14 വരെ (അതായത് 30 ദിവസത്തേക്ക്) ₹5000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹143.01 മെയ് 15 മുതൽ മെയ് 20 വരെ (അതായത് 5 ദിവസത്തേക്ക്) ₹3000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹14.30

മെയ് 14 മുതൽ മെയ് 20 വരെ (അതായത് 6 ദിവസത്തേക്ക്) ₹1000ന് (പുതിയ ചെലവുകൾ പ്രതിമാസം 2.90% നിരക്കിൽ) പലിശ =

₹5.72 അങ്ങനെ ആകെ പലിശ ₹657.85 ആണ്

(b) പണമടവ് വൈകിയതിനുള്ള ചാർജുകൾ = ₹750

(c) പലിശയുടെയും മറ്റ് ചാർജുകളുടെയും 18% നിരക്കിൽ ജി.എസ്.ടി. = ₹253.41

(d) തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന ആകെ മുതൽ തുക = ₹4000 (₹1000 പുതിയ ചെലവ് + കഴിഞ്ഞ മാസത്തെ ബില്ലിംഗ് കാലയളവിലെ ബാക്കി ₹3000).

(e) അതിനാൽ അടയ്ക്കേണ്ട ആകെ തുക = (a) + (b) + (c) + (d) = ₹ 5661.26

ഉദാഹരണം 2: ചില്ലറ വ്യാപാര പർച്ചേസുകളുടെ പലിശ/സേവന ചാർജുകൾ (അവസാന തീയതിക്ക് ശേഷമുള്ള കുടിശ്ശികയുടെ മുഴുവൻ പേയ്മെന്റും)

മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

തീയതി	**വിശദാംശങ്ങൾ**	**തുക**
ഏപ്രിൽ 10	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹15,000/-
ഏപ്രിൽ 15	വസ്ത്രങ്ങളുടെയും അക്സസറികളും വാങ്ങിയത്	₹5,000/-
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 08	പണമടയ്ക്കേണ്ട അവസാന തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 14	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	₹1,000/-
മേയ് 15	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റ്	₹20,000/- (ക്രെഡിറ്റ്)

അങ്ങനെ, മെയ് 20 തീയതിയിലുള്ള സ്റ്റേറ്റ്മെന്റിൽ, നിങ്ങൾ അടയ്ക്കേണ്ട ആകെ തുകയുടെ ഘടകങ്ങളായി ഇനിപ്പറയുന്നവ പ്രതിഫലിക്കും:

പലിശ കണക്കാക്കിയത് = (അടയ്ക്കാൻ ബാക്കിനില്ക്കുന്ന തുക x 2.90%* പ്രതിമാസം x 12 മാസം x ദിവസങ്ങളുടെ എണ്ണം) / 365 അതിനാൽ,

(a) ഏപ്രിൽ 10 മുതൽ മെയ് 14 വരെ (അതായത് 35 ദിവസത്തേക്ക്) ₹15000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹500.55 ഏപ്രിൽ 15 മുതൽ മെയ് 14 വരെ (അതായത് 30 ദിവസത്തേക്ക്) ₹5000 ന് പ്രതിമാസം 2.90% നിരക്കിൽ ന് പലിശ = ₹143.01 മെയ് 14 മുതൽ മെയ് 20 വരെ (അതായത് 6 ദിവസത്തേക്ക്) ₹1000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹5.72

അങ്ങനെ ആകെ പലിശ ₹649.28 ആണ്

(b) പണമടവ് വൈകിയതിനുള്ള ചാർജുകൾ = ₹750

(c) പലിശയുടെയും മറ്റ് ചാർജുകളുടെയും 18% നിരക്കിലുള്ള ജി.എസ്.ടി. = ₹251.87

(d) തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന ആകെ മുതൽ തുക = ₹1000 (₹1000 പുതിയ ചെലവഴിക്കൽ).

(e) അതിനാൽ അടയ്ക്കേണ്ട ആകെ തുക = (a) + (b) + (c) + (d) = ₹ 2651.15

ഉദാഹരണം 3 - ക്യാഷ് അഡ്വാൻസുകളിന്മേലുള്ള പലിശ/സേവന ചാർജുകൾ:

മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.
കണക്കാക്കിയ പലിശ = (പണം പിൻവലിക്കൽ x 2.90%* പ്രതിമാസം x 12 മാസം x ദിവസങ്ങളുടെ എണ്ണം) / 365

സൈക്കിൾ 1: 21മാർച്ച് മുതൽ ഏപ്രിൽ 20 വരെ

തീയതി	**ഇടപാട് തരം**	**തുക**	**വിശദാംശങ്ങൾ**
ഏപ്രിൽ 10	വീട്ടുസാധനങ്ങൾ വാങ്ങിയത്	₹15,000/-	ക്രെഡിറ്റ് കാർഡ് വഴി നടത്തിയ വാങ്ങലുകൾ
ഏപ്രിൽ 15	വസ്ത്രങ്ങളുടെയും അക്സസറികളും വാങ്ങിയത്	₹5,000/-	ക്രെഡിറ്റ് കാർഡ് വഴി നടത്തിയ വാങ്ങലുകൾ
ഏപ്രിൽ 18	ക്യാഷ് പിൻവലിക്കൽ	₹10,000/-	ക്രെഡിറ്റ് കാർഡിന്മേലുള്ള ക്യാഷ് പിൻവലിക്കൽ
ഏപ്രിൽ 18	ക്യാഷ് അഡ്വാൻസ് ഫീ	₹500/-	₹10,000*2.5% = ₹250, അത് ₹500 ൽ കുറവാണ്.
ഏപ്രിൽ 18	ക്യാഷ് അഡ്വാൻസ് ഫീസിനു മേലുള്ള ജി.എസ്.ടി.	₹90/-	₹500*18% = ₹90
ഏപ്രിൽ 20	പലിശ	₹19.07	ക്യാഷ് പിൻവലിക്കലിന്മേലുള്ള പലിശ ₹10,000 ഏപ്രിൽ 18 മുതൽ ഏപ്രിൽ 20 വരെ (അതായത് 2 ദിവസത്തേക്ക്) പ്രതിമാസം 2.90% നിരക്കിൽ = ₹19.07
ഏപ്രിൽ 20	പലിശയിന്മേലുള്ള ജി.എസ്.ടി.	₹3.43	₹19.07*18% = ₹3.43
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	₹30,612.50	അടയ്ക്കേണ്ട ആകെ തുക

അങ്ങനെ, ഏപ്രിൽ 20 തീയതിയിലുള്ള സ്റ്റേറ്റ്മെന്റിൽ, നിങ്ങൾ അടയ്ക്കേണ്ട ആകെ തുകയുടെ ഘടകങ്ങളായി ഇനിപ്പറയുന്നവ പ്രതിഫലിക്കും:

ഏപ്രിൽ 20-ന് അടയ്ക്കേണ്ട ആകെ തുക = ₹30,612.50 & അടയ്ക്കേണ്ട മിനിമം തുക = ₹2112.50

സൈക്കിൾ 2: 21ഏപ്രിൽ മുതൽ മെയ് 20 വരെ

മെയ് 05-ന് ടി.എ.ഡി. പേയ്മെന്റ് നടത്തിയെന്ന് കരുതുക, തുടർന്ന് മെയ് 20-ന് ജനറേറ്റ് ചെയ്യുന്ന സ്റ്റേറ്റ്മെന്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾ അടങ്ങിയിരിക്കും:

തീയതി	**ഇടപാട് തരം**	**തുക**	**വിശദാംശങ്ങൾ**
ഓപ്പണിംഗ് ബാലൻസ്		₹30,612.50	മുൻ സ്റ്റേറ്റ്മെന്റിൽ നിന്നുള്ള ക്ലോസിംഗ് ബാലൻസ്
മേയ് 5	പേയ്മെന്റ്	₹30,612.50	പേയ്മെന്റ് towards previous ആകെ തുക Due
മേയ് 14	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹1,000/-	ക്രെഡിറ്റ് കാർഡിന്മേൽ നടത്തിയ വാങ്ങലുകൾ

മേയ് 20	പലിശ	₹133.48	ഏപ്രിൽ 21 മുതൽ മെയ് 5 വരെ (അതായത് 14 ദിവസത്തേക്ക്) പ്രതിമാസം 2.90% നിരക്കിൽ ₹10,000 പണം പിൻവലിക്കലിനുള്ള പലിശ = ₹133.48
മേയ് 20	പലിശയിന്മേലുള്ള ജി.എസ്.ടി.	₹24.03	₹133.48*18%= ₹24.03
മേയ് 20	സ്റ്റേറ്റ്മെന്റ് തീയതി	₹1157.51/-	അടയ്ക്കേണ്ട ആകെ തുക

ഫിനാൻസ് ചാർജുകളും മറ്റ് ചാർജുകളും ഐ.ഡി.ബി.ഐ. ബാങ്കിന്റെ വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമാണെന്ന് ദയവായി ശ്രദ്ധിക്കുക. കൂടാതെ, കാർഡ് അംഗം അക്കൗണ്ടുകളുടെ ക്രെഡിറ്റ് പരിധി അധികരിക്കുകയാണെങ്കിൽ, അക്കൗണ്ടിൽ നിന്ന് ഓവർ ലിമിറ്റ് ചാർജുകൾ ഈടാക്കുമെന്നതും ദയവായി ശ്രദ്ധിക്കുക. ഓരോ പ്രത്യേക സന്ദർഭങ്ങളിലും ഈടാക്കാവുന്ന ചാർജുകളുടെ പട്ടികയ്ക്കായി, ഈ പ്രമാണത്തിന്റെ അവസാനം ലഭ്യമായ ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂൾ പരിശോധിക്കുക.

***കാർഡ് വകഭേദത്തിനനുസരിച്ച് പലിശ നിരക്ക് വ്യത്യാസപ്പെടുന്നതാണ്.**

3. <u>പരിധികൾ</u>

(i) **ക്രെഡിറ്റ് പരിധി** – ഐ.ഡി.ബി.ഐ. ബാങ്ക് സ്വന്തം വിവേചനാധികാരത്തിൽ കാർഡ് അംഗത്തിന്റെ പരിധികൾ, അതായത് ക്രെഡിറ്റ് പരിധിയും പണം പിൻവലിക്കൽ പരിധിയും, നിർണ്ണയിക്കും (ആഡ്-ഓൺ കാർഡ് അംഗങ്ങളും ഒരേ പരിധി പങ്കിടുന്നതാണ്). ഈ പരിധികൾ കാർഡ് അംഗത്തെ സ്വാഗത കത്തിലൂടെയും പ്രതിമാസ സ്റ്റേറ്റ് മെന്റുകളിലൂടെയും അറിയിക്കും.

(ii) **ലഭ്യമായ ക്രെഡിറ്റ് പരിധി** - സ്റ്റേറ്റ്മെന്റ് ജനറേറ്റ് ചെയ്യുന്ന സമയത്ത് ലഭ്യമായ ക്രെഡിറ്റ് പരിധി പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി നൽകുന്നതാണ്. ഐ.ഡി.ബി.ഐ. ബാങ്ക് കാർഡ് അംഗത്തിന്റെ അക്കൗണ്ട് ഇടയ്ക്കിടെ അവലോകനം ചെയ്യുന്നതാണ്. ആന്തരിക മാനദണ്ഡങ്ങൾക്കനുസരിച്ച് കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് പരിധി കുറയ്ക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. തങ്ങളുടെ ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്ന കാർഡ് അംഗങ്ങൾക്ക് വരുമാനം തെളിയിക്കുന്ന ധനകാര്യ രേഖകൾ സഹിതം ബാങ്കിലേക്ക് എഴുതി നൽകുന്നതിലൂടെ അത് ചെയ്യാൻ കഴിയും. നൽകുന്ന അത്തരം പുതിയ രേഖകളുടെ അടിസ്ഥാനത്തിൽ, ബാങ്ക്, സ്വന്തം വിവേചനാധികാരത്തിൽ, കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് പരിധി വർദ്ധിപ്പിച്ചേക്കാം.

(iii) **ക്യാഷ് പിൻവലിക്കൽ പരിധി** – ക്യാഷ് പിൻവലിക്കൽ പരിധി - ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന കാർഡ് വകഭേദത്തെ ആശ്രയിച്ച് ക്യാഷ് പിൻവലിക്കൽ പരിധി വ്യത്യാസപ്പെടാം. ക്യാഷ് പിൻവലിക്കൽ പരിധി 20% മുതൽ 70% വരെയാകാം.

<u>ബില്ലിംഗും പേയ്മെന്റുകളും</u>

(a) കാർഡ് ഉടമയുടെ അക്കൗണ്ടിലേക്ക് നടത്തുന്ന പേയ്മെന്റുകൾ ഇനിപ്പറയുന്ന ക്രമത്തിൽ തീർപ്പാക്കും

1. പലിശ 2. നികുതികൾ 3. ഫീസ് 4. ക്യാഷ് 5. ഇ.എം.ഐ. 6. വാങ്ങൽ(ലുകൾ)

(b) ഐ.ഡി.ബി.ഐ. ബാങ്ക് അവസാന സ്റ്റേറ്റ്മെന്റ് മുതൽ കാർഡ് അംഗത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പേയ്മെന്റുകളും ഡെബിറ്റ് ചെയ്ത ഇടപാടുകളും കാണിക്കുന്ന ഒരു പ്രതിമാസ സ്റ്റേറ്റ്മെന്റ് കാർഡ് അംഗത്തിന് അയയ്ക്കും. ബാങ്ക് എല്ലാ

മാസവും മുൻകൂട്ടി നിശ്ചയിച്ച തീയതിയിൽ, ബാങ്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മെയിലിംഗ് / ഇ-മെയിൽ വിലാസത്തിലേക്ക് കാർഡ് അക്കൗണ്ടിലെ ഇടപാടുകളുടെ ഒരു സ്റ്റേറ്റ്മെന്റ് മെയിൽ / ഇ-മെയിൽ ചെയ്യും, കൂടാതെ ബാങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ എസ്.എം.എസ്. ആയി ഒരു മിനി സ്റ്റേറ്റ്മെന്റ് അയയ്ക്കുകയും ചെയ്യും. എന്നിരുന്നാലും, സ്റ്റേറ്റ്മെന്റ് ലഭിക്കാത്തത് കാർഡ് ഉടമയുടെ കടപ്പാടുകളെയും ബാധ്യതകളെയും ബാധിക്കില്ല. കുടിശ്ശിക തുക ₹50/- ൽ കുറവാണെങ്കിൽ, അവസാന സ്റ്റേറ്റ് മെന്റിന് ശേഷം ബില്ലിംഗിനായി കൂടുതൽ ഇടപാടുകൾ ഒന്നും തന്നെ അവശേഷിക്കുന്നില്ലെങ്കിൽ, സ്റ്റേറ്റ്മെന്റൊന്നും നൽകില്ല. കാർഡ് ഉടമകൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് ക്രെഡിറ്റ് കാർഡിന്റെ ബില്ലിംഗ് സൈക്കിൾ പരിഷ്കരിക്കാനുള്ള ഓപ്ഷൻ ഒരിക്കലെങ്കിലും നൽകുന്നതാണ്.

(c) ഐ.ഡി.ബി.ഐ. ബാങ്ക് കാർഡ് അംഗത്തിന് റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം വാഗ്ദാനം ചെയ്യുന്നു. സ്റ്റേറ്റ്മെന്റിൽ അച്ചടിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ തുക മാത്രം അടയ്ക്കാൻ കാർഡ് അംഗത്തിന് തിരഞ്ഞെടുക്കാം. കുടിശ്ശികയുള്ള തുക തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിലേക്ക് ക്യാരി ഫോർവേഡ് ചെയ്യാം. കാർഡ് അംഗത്തിന് ആകെ കുടിശ്ശികയുള്ള തുകയോ മിനിമം തുകയ്ക്ക് മുകളിലുള്ള തുകയുടെ ഏതെങ്കിലും ഭാഗമോ അടയ്ക്കാനും തീരുമാനിക്കാം. പേയ്മെന്റ് നടത്താനുള്ള അവസാന തീയതിക്ക് മുമ്പായി അത്തരം പേയ്മെന്റ് നടത്തണം. പണമടവ് വൈകിയതിനുള്ള ചാർജുകൾ ഒഴിവാക്കാൻ പേയ്മെന്റ് നടത്താനുള്ള അവസാന തീയതിയിലോ അതിനുമുമ്പോ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ ക്ലിയർ ഫണ്ടുകൾ ക്രെഡിറ്റ് ചെയ്യേണ്ടതുണ്ട്. പേയ് മെന്റ് നടത്താനുള്ള അവസാന തീയതിക്കുള്ളിൽ കാർഡ് അക്കൗണ്ടിൽ പേയ്മെന്റ് പ്രതിഫലിക്കുന്നുവെന്ന് ഉറപ്പാക്കാൻ, പേയ്മെന്റ് നടത്താനുള്ള അവസാന തീയതിക്ക് വളരെ മുമ്പുതന്നെ ലോക്കൽ ചെക്കുകൾ നൽകാൻ കാർഡ് അംഗങ്ങളോട് നിർദ്ദേശിക്കുന്നു. മുൻ സ്റ്റേറ്റ്മെന്റുകളുടെ അടയ്ക്കാത്ത മിനിമം തുകയും കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് പരിധി കവിയുന്ന കുടിശ്ശികയും കാർഡ് അംഗത്തിന്റെ നിലവിലെ മിനിമം തുകയിലേക്ക് ചേർക്കും.

<u>**മിനിമം കുടിശ്ശിക തുക (എം.എ.ഡി.) കണക്കുകൂട്ടലിനുള്ള ഉദാഹരണം:**</u>

കാർഡ് അംഗം വരുത്തിയ എല്ലാ ചാർജുകളും ഉടനടി അടയ്ക്കാനുള്ള ബാധ്യതയോട് മുൻവിധി കൂടാതെ, സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന മിനിമം കുടിശ്ശിക തുക (എം.എ.ഡി.) മാത്രം നിശ്ചിത തീയതിയിൽ അടയ്ക്കാനുള്ള അവസരം കാർഡ് അംഗത്തിന് ഉപയോഗിക്കാം. മിനിമം കുടിശ്ശിക തുക തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന തുകയുടെ 5% അല്ലെങ്കിൽ ഐ.ഡി.ബി.ഐ. ബാങ്ക് സ്വന്തം വിവേചനാധികാരത്തിൽ നിർണ്ണയിക്കുന്ന മറ്റൊരു തുകയോ ആയിരിക്കും. ഗഡുക്കളായി എന്തെങ്കിലും തിരിച്ചടവ് നടത്തുകയാണെങ്കിൽ, സ്റ്റേറ്റ്മെന്റ് കാലയളവിൽ അടയ്ക്കേണ്ട ഗഡു തുക മിനിമം കുടിശ്ശിക തുകയിൽ ചേർക്കും. അടയ്ക്കാനുള്ള ആകെ കുടിശ്ശിക ക്രെഡിറ്റ് അല്ലെങ്കിൽ ക്യാഷ് പരിധിയേക്കാൾ കൂടുതലാണെങ്കിൽ, ക്രെഡിറ്റ് അല്ലെങ്കിൽ ക്യാഷ് പരിധി കവിഞ്ഞ തുകയും മിനിമം തുകയിൽ ഉൾപ്പെടുത്തും. മുൻ സ്റ്റേറ്റ്മെന്റുകളുടെ അടയ്ക്കാത്ത മിനിമം തുക എന്തെങ്കിലും ഉണ്ടെങ്കിൽ അതും , മിനിമം കുടിശ്ശിക തുകയിൽ ഉൾപ്പെടും. അടയ്ക്കേണ്ട മിനിമം തുക അടച്ചിട്ടുണ്ടെങ്കിലും, തുക അടയ്ക്കേണ്ട തീയതിയിൽ അടയ്ക്കേണ്ട ആകെ തുക അടച്ചില്ലെങ്കിൽ പലിശ ഈടാക്കും. ക്രെഡിറ്റ് കാർഡ് തിരിച്ചടവിനുള്ള ഓട്ടോ ഡെബിറ്റ് സൗകര്യത്തിനായി ഉപഭോക്താവ് രജിസ്റ്റർ ചെയ്യുകയും മിനിമം തുക കുടിശ്ശിക ഓപ്ഷൻ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, നിശ്ചിത തീയതിക്ക് മുമ്പ് ഉപഭോക്താവ് ഒരു തുകയും അടച്ചിട്ടില്ലെങ്കിൽ, അത് നിശ്ചിത തീയതിയിൽ നടപ്പിലാക്കും. നിശ്ചിത തീയതിക്ക് മുമ്പ് അടയ്ക്കേണ്ട മിനിമം തുകയിൽ താഴെയുള്ള തുക ഉപഭോക്താവ് അടച്ചിട്ടുണ്ടെങ്കിൽ, വ്യത്യാസമുള്ള തുക ഡെബിറ്റ് ചെയ്യപ്പെടും. നിശ്ചിത തീയതിക്ക് മുമ്പ് അടയ്ക്കേണ്ട മിനിമം തുകയ്ക്ക് തുല്യമോ അതിൽ കൂടുതലോ തുക ഉപഭോക്താവ് അടച്ചിട്ടുണ്ടെങ്കിൽ, ഉപഭോക്താവിന്റെ ബാധ്യതാ അക്കൗണ്ടിൽ നിന്ന് അധിക തുകയൊന്നും ഡെബിറ്റ് ചെയ്യില്ല.

നിങ്ങൾ ₹5,000 ചെലവഴിക്കുകയും എല്ലാ മാസവും കുടിശ്ശികയുള്ള മിനിമം തുക (കുറഞ്ഞത് ₹100 പേയ്മെന്റ് എന്നതിന് വിധേയമായി) കൃത്യമായി തിരിച്ചടയ്ക്കുകയും ചെയ്താൽ, മൊത്തം തുക

തിരികെ അടയ്ക്കാൻ നിങ്ങൾക്ക് 6 വർഷവും 6 മാസവും വരെ എടുക്കും. അതിനാൽ, നിങ്ങളുടെ പണമൊഴുക്ക് അനുവദിക്കുമ്പോഴെല്ലാം, നിങ്ങളുടെ കുടിശ്ശികയുള്ള ഏറ്റവും കുറഞ്ഞ തുകയേക്കാൾ ഗണ്യമായി കൂടുതലുള്ള തുക തിരിച്ചടയ്ക്കാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. കാർഡിന്റെ കുടിശ്ശികയുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഡ് അംഗം അധിക പേയ്മെന്റ് നടത്തിയാൽ, കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് ഉണ്ടാകും. കാർഡിലെ തുടർന്നുള്ള ഇടപാടുകൾക്കെതിരെ ഇത് ക്രമീകരിക്കപ്പെടും. എന്നിരുന്നാലും, ഈ അധിക ക്രെഡിറ്റ് തുകയ്ക്ക് പലിശ അവകാശപ്പെടാൻ കഴിയില്ല.

മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചുവെന്നും നിങ്ങളുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ ഒരു തുകയും കുടിശ്ശികയില്ലെന്നും നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും 20-ാം തീയതി ജനറേറ്റ് ചെയ്യുമെന്നും കരുതുക.

ഇടപാട് തീയതി	**തരം**	**Cr/Dr**	**എം.എ.ഡി. സംഭാവന**	**തുക**
സെപ്റ്റംബർ 25	വാങ്ങിയത്	Dr	5%	₹5000
ഒക്ടോബർ 1	വാർഷിക ഫീസ്	Dr	100%	₹1499
ഒക്ടോബർ 1	ക്യാഷ് പിൻവലിക്കൽ	Dr	5%	₹2000
ഒക്ടോബർ 1	ക്യാഷ് പിൻവലിക്കൽ ഫീ	Dr	100%	₹500
ഒക്ടോബർ 20	ക്യാഷ് പിൻവലിക്കലിന്മേലുള്ള പലിശ	Dr	100%	₹38.14
ഒക്ടോബർ 20	ജി.എസ്.ടി.	Dr	100%	₹366.68

മിനിമം കുടിശ്ശിക തുക (എം.എ.ഡി.) താഴെപ്പറയുന്ന രീതിയിൽ കണക്കാക്കും:

എം.എ.ഡി. = (റീട്ടെയിൽ ചെലവഴിക്കലുകളുടെ + ക്യാഷ് അഡ്വാൻസിന്റെ) 5% + ഫീസ് / ചാർജുകളുടെ 100% + പലിശ / ഫിനാൻഷ്യൽ ചാർജുകളുടെ 100% + ഇ.എം.ഐ. തുക + ജി.എസ്.ടി.

എം.എ.ഡി. = 5 %* (₹5000+ ₹2000) + 100 %* (₹1499 + ₹500) + 100% * (₹38.14 + ₹366.68) = ₹2753.82

മിനിമം കുടിശ്ശിക തുക ₹2753.82 ആയിരിക്കും

<u>മിനിമം കുടിശ്ശിക തുക അടയ്ക്കാത്തതിന്റെ അനന്തരഫലങ്ങൾ</u>

ഉപഭോക്താവ് നിശ്ചിത തീയതിയിലോ അതിനു മുമ്പോ മിനിമം കുടിശ്ശിക തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, ബാധകമായ നിരക്കുകൾ പ്രകാരം ഉപഭോക്താവിൽ നിന്ന് പണമടവ് വൈകിയതിനുള്ള ചാർജുകൾ ഫീസും ധനകാര്യ/സേവന ചാർജുകളും ഈടാക്കും. കൂടാതെ, നിശ്ചിത തീയതി മുതൽ പണമടയ്ക്കൽ വൈകിയ ദിവസങ്ങളുടെ ഉചിതമായ എണ്ണവും അനുബന്ധ തുകയും നൽകി ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ (CIC-കൾ) 'പണമടവിൽ വീഴ്ച വരുത്തിയയാൾ' ആയി ഉപഭോക്താവിനെ റിപ്പോർട്ട് ചെയ്യുകയും ചെയ്യും.

ഉദാഹരണം 1: പണമടയ്ക്കുന്നതിനുള്ള തീയതിക്ക് ശേഷമുള്ള എം.എ.ഡി അടയ്ക്കൽ

ചുവടെയുള്ള ചിത്രീകരണം പേയ്മെന്റ് അടയ്ക്കാനുള്ള അവസാന തീയതിയിൽ മിനിമം കുടിശ്ശിക തുക അടച്ചില്ലെങ്കിൽ വിവിധ ചാർജുകൾ കണക്കാക്കുന്നതിനുള്ള രീതി സൂചിപ്പിക്കുന്നു. മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

തീയതി	വിശദാംശങ്ങൾ	തുക
ഏപ്രിൽ 10	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹15,000/-
ഏപ്രിൽ 15	വസ്ത്രങ്ങളും അക്സസറികളും വാങ്ങിയത്	₹5,000/-
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 08	പണമടയ്ക്കേണ്ട അവസാന തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 12	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റ്	₹2,000/- (ക്രെഡിറ്റ്)
മേയ് 14	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	₹1,000/-
മേയ് 15	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റ്	₹15,000/- (ക്രെഡിറ്റ്)
മേയ് 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹5661.26 അടയ്ക്കേണ്ട മിനിമം തുക = ₹1861.26

ഉപഭോക്താവ് നിശ്ചിത തീയതിയിലോ അതിനു മുമ്പോ അടയ്ക്കേണ്ട മിനിമം തുക അടയ്ക്കാത്തതിനാൽ, ഉപഭോക്താവിനെ 'പണമടവിൽ വീഴ്ച വരുത്തിയയാൾ' ആയി എല്ലാ സി.ഐ.സി.കൾക്കും റിപ്പോർട്ട് ചെയ്യും. . കൂടാതെ, ഉപഭോക്താവിൽ നിന്ന് ഇനിപ്പറയുന്നവ ഈടാക്കും:

പണമടവ് വൈകിയതിനുള്ള ഫീസ് - ₹750 + ₹135 (18% ജി.എസ്.ടി.) = ₹885 ഫിനാൻസ്/സർവീസ് ചാർജുകൾ -

ഏപ്രിൽ 10 മുതൽ മെയ് 11 വരെ (അതായത് 32 ദിവസത്തേക്ക്) ₹15000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹457.64 മെയ് 12 മുതൽ മെയ് 14 വരെ (അതായത് 3 ദിവസത്തേക്ക്) ₹13000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹37.18 ഏപ്രിൽ 15 മുതൽ മെയ് 14 വരെ (അതായത് 30 ദിവസത്തേക്ക്) ₹5000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹143.01 മെയ് 15 മുതൽ മെയ് 20 വരെ (അതായത് 5 ദിവസത്തേക്ക്) ₹3000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹14.30

മെയ് 14 മുതൽ മെയ് 20 വരെ (അതായത് 6 ദിവസത്തേക്ക്) ₹1000ന് (പുതിയ ചെലവുകൾ പ്രതിമാസം 2.90% നിരക്കിൽ) പലിശ = ₹5.72 അങ്ങനെ ആകെ പലിശ ₹657.85 + ₹118.41 (18% ജി.എസ്.ടി.) = ₹776.26

അടയ്ക്കേണ്ട ആകെ തുക = ₹4000 (₹20,000+₹1000-₹2000-₹15000) +₹885+₹776.26 = ₹5661.26

മെയ് 20-ലെ സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട മിനിമം തുക റീട്ടെയിൽ പർച്ചേസുകളുടെ/ബാക്കിയുള്ള ബാലൻസിന്റെ 5% + 100% ജി.എസ്.ടി. + 100% പലിശ + 100% വൈകിയുള്ള പേയ്മെന്റ് ചാർജുകൾ = ₹1861.26 (₹200 (₹4000 *5%) + ₹750+₹657.85+₹253.41 = ₹1861.26) ആയിരിക്കും.

ഉദാഹരണം 2: അവസാന തീയതിയിൽ/തീയതിക്ക് മുമ്പ് എം.എ.ഡി. അടയ്ക്കൽ (ടി.എ.ഡി. അടച്ചിട്ടില്ല)

ചുവടെയുള്ള ചിത്രീകരണം പണമടയ്ക്കേണ്ട അവസാന തീയതിയിലോ അതിനു മുമ്പോ നടത്തിയ പേയ്മെന്റ്, അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുകയ്ക്ക് തുല്യമോ അതിലധികവും എന്നാൽ ആകെ അടയ്ക്കേണ്ട തുകയേക്കാൾ കുറവുമോ ആണെങ്കിൽ, വിവിധ ചാർജുകൾ

കണക്കാക്കുന്ന രീതി സൂചിപ്പിക്കുന്നു. മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

തീയതി	**വിശദാംശങ്ങൾ**	**തുക**
ഏപ്രിൽ 10	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹15,000/-
ഏപ്രിൽ 15	വസ്ത്രങ്ങളും അക്സസറികളും വാങ്ങിയത്	₹5,000/-
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 01	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റ്	₹ 4,000/-
മേയ് 08	പണമടയ്ക്കേണ്ട അവസാന തീയതി	അടയ്ക്കേണ്ട ആകെ തുക = ₹16,000/- അടയ്ക്കേണ്ട മിനിമം തുക = 0
മേയ് 14	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	₹1,000/-
മേയ് 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹17,793.16 അടയ്ക്കേണ്ട മിനിമം തുക = ₹1643.16

ഉപഭോക്താവ് അടയ്ക്കേണ്ട മിനിമം തുക പണമടയ്ക്കേണ്ട അവസാന തീയതിയിലോ അതിനു മുമ്പോ അടച്ചതിനാൽ, എല്ലാ സി.ഐ.സി.-കൾക്കും ഉപഭോക്താവിനെ 'പണമടവിൽ വീഴ്ച വരുത്തിയയാൾ' ആയി റിപ്പോർട്ട് ചെയ്യില്ല. ഉപഭോക്താവിൽ നിന്ന് ഈടാക്കേണ്ട ചാർജുകൾ ചുവടെയുള്ള പ്രകാരമായിരിക്കും:

പണമടവ്

വൈകിയതിനുള്ള ഫീ –

ഇല്ല

ഫിനാൻസ്/സർവീസ്

ചാർജുകൾ

ഏപ്രിൽ 10 മുതൽ ഏപ്രിൽ 30 വരെ (അതായത് 21 ദിവസത്തേക്ക്) ₹15000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹300.33 മെയ് 02 മുതൽ മെയ് 20 വരെ (അതായത് 19 ദിവസത്തേക്ക്) ₹11000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹199.26 ഏപ്രിൽ 15 മുതൽ മെയ് 20 വരെ (അതായത് 35 ദിവസത്തേക്ക്) ₹5000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹166.85 മെയ് 14 മുതൽ മെയ് 20 വരെ (അതായത് 6 ദിവസത്തേക്ക്) ₹1000 ന് പ്രതിമാസം 2.90% നിരക്കിൽ പലിശ = ₹5.72 അങ്ങനെ ആകെ പലിശ ₹672.16 + ₹121.00 (18% ജി.എസ്.ടി.) = ₹793.16

അടയ്ക്കേണ്ട ആകെ തുക = ₹17,000 (₹20,000+₹1000 - ₹4000) +₹672.16+₹121 = ₹17,793.16

മെയ് 20-ലെ സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുക റീട്ടെയിൽ പർച്ചേസുകളുടെ/ബാക്കിയുള്ള ബാലൻസിന്റെ 5% + 100% ജി.എസ്.ടി. + 100% പലിശ + = ₹1643.16

(₹850 (₹17000 *5%) + ₹672.16 + ₹121 ആയിരിക്കും.
= ₹1643.16)

ഉദാഹരണം 3: അവസാന തീയതിയിൽ/മുമ്പ് എം.എ.ഡി. അടയ്ക്കൽ (ടി.എ.ഡി. പൂർണ്ണമായും അടച്ചു)

ചുവടെയുള്ള ചിത്രീകരണം പേയ്മെന്റ് അവസാന തീയതിക്കുള്ളിൽ ആകെ കുടിശികയുള്ള തുക അടച്ചുതീർത്ത സാഹചര്യത്തിൽ വിവിധ ചാർജുകൾ കണക്കാക്കുന്ന രീതി സൂചിപ്പിക്കുന്നു. മുൻകാല കുടിശ്ശികകളെല്ലാം നിങ്ങൾ പൂർണ്ണമായി അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡിൽ കുടിശ്ശികയുള്ള തുകയൊന്നുമില്ലെന്നും അനുമാനിക്കുക. നിങ്ങളുടെ സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 20-ാം തീയതിയാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിങ്ങൾ നടത്തിയ ഇടപാടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

തീയതി	വിശദാംശങ്ങൾ	തുക
ഏപ്രിൽ 10	വീട്ടു സാധനങ്ങൾ വാങ്ങിയത്	₹15,000/-
ഏപ്രിൽ 15	വസ്ത്രങ്ങളും അക്സസറികളും വാങ്ങിയത്	₹5,000/-
ഏപ്രിൽ 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1,000/- അടയ്ക്കേണ്ട മിനിമം തുക = ₹1,000/-
മേയ് 01	കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റ്	₹ 20,000/-
മേയ് 08	പണമടയ്ക്കേണ്ട അവസാന തീയതി	അടയ്ക്കേണ്ട ആകെ തുക = 0 അടയ്ക്കേണ്ട മിനിമം തുക = 0
മേയ് 14	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	₹1,000/-
മേയ് 20	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക = ₹1000 അടയ്ക്കേണ്ട മിനിമം തുക = ₹50

മെയ് 20 (അതായത് അടുത്ത സ്റ്റേറ്റ്മെന്റ് തീയതി) വരെ കാർഡിൽ കൂടുതൽ പണമടയ്ക്കൽ നടത്തുന്നില്ല. കാർഡിന് പ്രതിമാസം 2.90% പലിശ നിരക്ക് കണക്കാക്കിയാൽ, പലിശയും ചാർജുകളും ഇനിപ്പറയുന്ന രീതിയിൽ ഈടാക്കും:
i) പലിശ നിരക്കുകൾ - ഇല്ല ii) ജി.എസ്.ടി. ചാർജുകൾ - ഇല്ല iii) ആകെ കുടിശ്ശിക തുക = ₹1,000
അതിനാൽ, മെയ് 20 -ലെ സ്റ്റേറ്റ്മെന്റിൽ കുടിശ്ശികയുള്ള ആകെ തുക (i) + (ii) + (iii) = ₹1,000 ആയിരിക്കും

(d) പേയ്മെന്റ് നടത്തേണ്ട അവസാന തീയതിക്ക് മുമ്പ് ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് പേയ്മെന്റ് ക്രെഡിറ്റ് ചെയ്യില്ലെങ്കിൽ, ബാങ്ക് സ്വന്തം വിവേചനാധികാരത്തിൽ കൂടുതൽ ഉപയോഗിക്കുന്നതിൽ നിന്ന് കാർഡ് ബ്ലോക്ക് ചെയ്യും.

(e) കാർഡ് കുടിശ്ശികയ്ക്കുള്ള പേയ്മെന്റുകൾ തുടർന്നുള്ള സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നതാണ്.

(f) കാർഡ് അംഗം നൽകുന്ന ഏതെങ്കിലും പേയ്മെന്റ് നിർദ്ദേശം പിന്നീട് നിഷേധിക്കപ്പെട്ടാൽ, കാർഡ് പ്രത്യേകാവകാശങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യാം, കൂടാതെ ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഒരു ഫീസ്, ബാങ്കിന്റെ സ്വന്തം വിവേചനാധികാരത്തിൽ കാർഡ് അക്കൗണ്ടിലേക്ക് ചുമത്തുന്നതുമാണ്. അത്തരമൊരു ഫീസ് തുക ബാങ്കിന്റെ വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമാണ്. ഉചിതമായ ഏതൊരു നിയമനടപടിയും ആരംഭിക്കാനുള്ള അവകാശവും ബാങ്കിൽ നിക്ഷിപ്തമാണ്.

(g) ഫീസുകളുടെയും ചാർജുകളുടെയും ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സേവന ചാർജ് അടയ്ക്കുന്നതിന് വിധേയമായി, അത്തരം അഭ്യർത്ഥനയ്ക്ക് മുമ്പുള്ള പന്ത്രണ്ട് മാസത്തേക്ക് മാത്രമേ കാർഡ് അംഗത്തിന് ഡ്യൂപ്ലിക്കേറ്റ് പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ് മെന്റുകൾ ബാങ്ക് നൽകുന്നുള്ളൂ, അത് ബാങ്കിന്റെ വിവേചനാധികാരത്തിൽ മാറ്റാവുന്നതാണ്.

(h) നിങ്ങളുടെ ആശയവിനിമയ വിലാസത്തിൽ / ഇ-മെയിൽ വിലാസത്തിൽ / മൊബൈൽ നമ്പറിൽ എന്തെങ്കിലും മാറ്റം വരികയാണെങ്കിൽ, നിങ്ങൾക്ക് സ്റ്റേറ്റ്മെന്റുകൾ പതിവായി കൃത്യസമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഉടൻ തന്നെ ബാങ്കുമായി ബന്ധപ്പെടുകയും അത് അപ്ഡേറ്റ് ചെയ്യുകയും വേണം.

(i) കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റുകൾ ഇനിപ്പറയുന്ന ഏതെങ്കിലും വഴികളിലൂടെ നടത്താം:

1. **ഓട്ടോ-ഡെബിറ്റ് സൗകര്യം** - നൽകേണ്ട ആകെ തുക / അടയ്ക്കേണ്ട മിനിമം തുക നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് സേവിംഗ്സ്/കറന്റ് അക്കൗണ്ടിൽ നിന്ന് എല്ലാ മാസവും നേരിട്ട് കുറയ്ക്കുന്നതിന് ഐ.ഡി.ബി.ഐ. ബാങ്കിനെ അധികാരപ്പെടുത്തുക, നിങ്ങളുടെ കാർഡ് അക്കൗണ്ട് ക്രെഡിറ്റ് ചെയ്യപ്പെടും.
2. **നെറ്റ് ബാങ്കിംഗ്** - നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് സേവിംഗ്സ്/കറന്റ് അക്കൗണ്ടിൽ നിന്ന് ഐ.ഡി.ബി.ഐ. ബാങ്ക് നെറ്റ് ബാങ്കിംഗ് മുഖേന നേരിട്ടുള്ള ഡെബിറ്റ് വഴി ക്രെഡിറ്റ് കാർഡ് കുടിശ്ശികകൾക്കുള്ള പണമടയ്ക്കൽ നടത്തുക.
3. **NEFT** - നിങ്ങളുടെ ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡ് ബിൽ ഓൺലൈനായി അടയ്ക്കാൻ NEFT സൗകര്യം വാഗ്ദാനം ചെയ്യുന്ന മറ്റൊരു ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുക. ഐ.എഫ്.എസ്.സി. കോഡ് "IBKL0NEFT01" ഉപയോഗിക്കുകയും ബാങ്ക് ആയി "ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്" എന്നും ക്രെഡിറ്റ് കാർഡ് നമ്പർ ആയി ഗുണഭോക്തൃ അക്കൗണ്ട് നമ്പറും ചേർക്കുകയും ചെയ്യുക.
4. ചെക്ക് / ഡ്രാഫ്റ്റ് - നിങ്ങളുടെ ചെക്ക്/ഡ്രാഫ്റ്റ് ഐ.ഡി.ബി.ഐ. ബാങ്ക് ശാഖകളിലും എ.ടി.എം-കളിലും സ്ഥാപിച്ചിരിക്കുന്ന ഏത് ഐ.ഡി.ബി.ഐ. ബാങ്ക് ഡ്രോപ്പ് ബോക്സുകളിലും നിക്ഷേപിക്കുക. ചെക്ക്/ഡ്രാഫ്റ്റ് <കാർഡിൽ എംബോസ് ചെയ് തിരിക്കുന്ന പേര്> ന്റെ ഐ.ഡി.ബി.ഐ. ബാങ്ക് കാർഡ് നമ്പർ xxxx-xxxxx-xxxx-xxxx എന്നതിലേക്ക് മാറാവുന്നതായിരിക്കണം.
5. ക്യാഷ് - ഏതെങ്കിലും ഐ.ഡി.ബി.ഐ. ബാങ്ക് ശാഖയിൽ നേരിട്ടെത്തി കാർഡ് നമ്പർ, തുക, കോൺടാക്റ്റ് നമ്പർ എന്നിവ പേ ഇൻ സ്ലിപ്പിൽ രേഖപ്പെടുത്തിക്കൊണ്ട് ക്രെഡിറ്റ് കാർഡ് കുടിശ്ശിക അടയ്ക്കുക.
6. ഐപേ - മറ്റ് ബാങ്ക് അക്കൗണ്ടിൽ നിന്ന് നിങ്ങളുടെ കാർഡ് അക്കൗണ്ടിലേക്ക് നേരിട്ട് ഓൺലൈനായി പണമടയ്ക്കുക.
7. വിസ മണി ട്രാൻസ്ഫർ - വിസ ഫ്രാഞ്ചൈസി ക്രെഡിറ്റ് കാർഡുകളുടെ കാര്യത്തിൽ, വിസ മണി ട്രാൻസ്ഫർ ഉപയോഗിച്ച് മറ്റ് ബാങ്ക് അക്കൗണ്ട് വഴി ഓൺലൈനായി പണമടയ്ക്കുക. വിസ മണി ട്രാൻസ്ഫറിനുള്ള ഫീസ് പണമടവ് ആരംഭിക്കുന്ന ബാങ്ക് ഈടാക്കിയേക്കാം.

കുറിപ്പ്: *പണമടവ് നടത്തേണ്ട അവസാന തീയതിയിൽ / അതിനുമുമ്പ് പേയ്മെന്റ് ക്രെഡിറ്റ് പ്രതിഫലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, പണമടവ് നടത്തേണ്ട അവസാന തീയതിക്ക് വളരെ മുമ്പുതന്നെ പേയ്മെന്റ് നടത്താൻ കാർഡ് ഉടമകളോട് നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന രീതികൾ വഴി അവരുടെ ക്രെഡിറ്റ് കാർഡ് കുടിശ്ശിക അടയ്ക്കാൻ കാർഡ് ഉടമകളോട് നിർദ്ദേശിക്കുന്നു. ഐ.ഡി.ബി.ഐ. ബാങ്കുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും മൂന്നാം കക്ഷി ആപ്പുകളിൽ മാത്രമായി പരിമിതപ്പെടുത്താതെ, മറ്റ് രീതി/ചാനലുകൾ വഴി നടത്തുന്ന പേയ്മെന്റിന് ക്ലിയറൻസിനായി ഉയർന്ന TAT ഉണ്ടായിരിക്കാം. നിശ്ചിത തീയതിക്കുള്ളിൽ ഫണ്ടുകൾ ലഭിച്ചില്ലെങ്കിൽ കാർഡ് വേരിയന്റിന്മേൽ ബാധകമായ ചാർജുകൾ ബാധകമാകും. അഫിലിയേറ്റഡ് അല്ലാത്ത ചാനലുകൾ വഴി കാർഡിലെ പണമടയ്ക്കൽ വൈകുന്നതോ / പ്രതിഫലിക്കാത്തതോ മൂലമുണ്ടാകുന്ന ഏതൊരു അന്വേഷണത്തിനും,*

ഉപഭോക്താവിന് അതത് ചാനലുകളെ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

(j) **ബില്ലിംഗ് തർക്കങ്ങൾ:** സ്റ്റേറ്റ്മെന്റ് തീയതി മുതൽ 60 ദിവസത്തിനുള്ളിൽ കാർഡ് അംഗം ഐ.ഡി.ബി.ഐ. ബാങ്കിനെ രേഖാമൂലം അറിയിച്ചില്ലെങ്കിൽ, സ്റ്റേറ്റ്മെന്റിലെ എല്ലാ ഉള്ളടക്കങ്ങളും ശരിയാണെന്ന് കണക്കാക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യും:

- **തപാൽ വഴി:** മാനേജർ, ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്, സി.പി.യു. - ക്രെഡിറ്റ് കാർഡ്സ് ഡിവിഷൻ, ഐ.ഡി.ബി.ഐ. ബിൽഡിംഗ്, മൂന്നാം നില, പ്ലോട്ട് നമ്പർ: 39/40/41, സെക്ടർ-11, സിബിഡി-ബേലാപൂർ, നവി മുംബൈ, പിൻ-400614.
- **ഇമെയിൽ വഴി:** customercare@ഐ.ഡി.ബി.ഐ..co.in

അത്തരം വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ, അന്വേഷണം പൂർത്തിയാകുന്നതുവരെ ഐ.ഡി.ബി.ഐ. ബാങ്കിന് താൽക്കാലികമായി ചാർജ് പിൻവലിക്കാം. തുടർന്നുള്ള അന്വേഷണങ്ങൾ പൂർത്തിയാകുമ്പോൾ, അത്തരം ചാർജുകളുടെ ബാധ്യത കാർഡ് അംഗത്തിന്റെ അക്കൗണ്ടിലാണെങ്കിൽ, തുടർന്നുള്ള ഒരു സ്റ്റേറ്റ്മെന്റിൽ അനുബന്ധ വീണ്ടെടുക്കൽ അഭ്യർത്ഥന ചാർജുകൾക്കൊപ്പം ചാർജ് പുനഃസ്ഥാപിക്കുന്നതാണ്.

(k) **ബന്ധപ്പെടാനുള്ള വിവരങ്ങൾ:** ഏതെങ്കിലും അന്വേഷണങ്ങൾക്കോ പരാതി പരിഹാരത്തിനോ കാർഡ് അംഗത്തിന് ഐ.ഡി.ബി.ഐ. ബാങ്ക് ക്രെഡിറ്റ് കാർഡുകളുമായി ബന്ധപ്പെടാം:

- **24 മണിക്കൂർ ക്രെഡിറ്റ് കാർഡ് കസ്റ്റമർ കെയർ** -
  1800-209-4324 / 1800-22-1070 (ടോൾ ഫ്രീ) / 022 67719100 (നോൺ-ടോൾ ഫ്രീ)
- **തപാൽ വഴി-** മാനേജർ, ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്, സിപിയു - ക്രെഡിറ്റ് കാർഡ്സ് ഡിവിഷൻ, ഐ.ഡി.ബി.ഐ. ബിൽഡിംഗ്, മൂന്നാം നില, പ്ലോട്ട് നമ്പർ: 39/40/41, സെക്ടർ-11, സിബിഡി-ബേലാപൂർ, നവി മുംബൈ, പിൻ-400614.
- **ഇമെയിൽ വഴി** - customercare@ഐ.ഡി.ബി.ഐ..co.in

4. <u>വീഴ്ച്ചയും സാഹചര്യങ്ങളും</u>

- ബില്ലിംഗ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന അവസാന തീയതിക്കുള്ളിൽ കാർഡ് അംഗം അടയ്ക്കേണ്ട മിനിമം തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, അത് ഓവർ-ഡ്യൂ ആയി കണക്കാക്കും. അത്തരം സാഹചര്യത്തിൽ, അടുത്ത ബില്ലിംഗ് തീയതിക്കുള്ളിൽ പോലും കാർഡ് അംഗം പണമടച്ചില്ലെങ്കിൽ, ബാങ്കിന് വീഴ്ച്ച റിപ്പോർട്ട് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോകൾക്കോ നിയമം അംഗീകരിച്ച അത്തരത്തിലുള്ള മറ്റ് ഏജൻസികൾക്കോ കൈമാറാൻ കഴിയും. രണ്ട് ബില്ലിംഗ് തീയതികൾക്കിടയിലുള്ള കാലയളവ് ഒരു കാർഡ് അംഗത്തെ പണമടവിൽ വീഴ്ച വരുത്തിയയാളായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള അറിയിപ്പ് കാലയളവായി കണക്കാക്കുന്നു.

- കാർഡ് ഉടമ കരാറിലെ/ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും എന്നതിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്നത് എന്തുതന്നെയായാലും, കാർഡ് ഉടമ 90 ദിവസത്തെ കാലയളവിലേക്ക് അടയ്ക്കേണ്ട മിനിമം തുക അടച്ചില്ലെങ്കിൽ, കരാർ പ്രകാരം ഐ.ഡി.ബി.ഐ. ബാങ്ക് നൽകുന്ന ക്രെഡിറ്റ് കാർഡ് സേവനം അവസാനിപ്പിക്കുമെന്ന് കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

  എന്നിരുന്നാലും, 90 ദിവസത്തെ കാലാവധിയിൽ അടയ്ക്കാത്ത തുകയ്ക്കും, ഐ.ഡി.ബി.ഐ. ബാങ്ക് സ്വന്തം വിവേചനാധികാരത്തിലും ഓപ്ഷനിലും, വിവിധ ആന്തരിക നയങ്ങളും നടപടിക്രമങ്ങളും അനുസരിച്ച്, പേയ്മെന്റ് അവസാന തീയതിക്ക് ശേഷമുള്ള 90 ദിവസത്തിനു ശേഷമുള്ള കാലയളവിലേക്ക് ഈടാക്കുന്ന ഏതെങ്കിലും ഫിനാൻസ് ചാർജുകൾ/പണമടവ് വൈകിയതിനുള്ള പലിശയ്ക്കും കാർഡ് ഉടമ തുടർന്നും ബാധ്യസ്ഥനായിരിക്കും.

- കാർഡ് ഉടമാ കരാറിലെ സമ്മതിച്ച നിബന്ധനകൾ അനുസരിച്ച്, നിശ്ചിത തീയതികളിൽ കാർഡ് കുടിശ്ശിക അടയ്ക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. വീഴ്ച സംഭവിച്ചാൽ, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലെ ഏത് കുടിശ്ശികയും അടയ്ക്കുന്നതിന് കാർഡ് ഉടമയ്ക്ക് ഇടയ്ക്കിടെ പോസ്റ്റ്, ഫാക്സ്, ടെലിഫോൺ, ഇ-മെയിൽ, എസ്.എം.എസ്. സന്ദേശമയയ്ക്കൽ അല്ലെങ്കിൽ / അല്ലെങ്കിൽ പണം പിൻവലിക്കൽ ആവശ്യങ്ങൾക്കായി നിയോഗിക്കപ്പെട്ട മൂന്നാം

കക്ഷികൾ വഴി ഓർമ്മപ്പെടുത്തലുകൾ അയയ്ക്കും. അങ്ങനെ നിയമിക്കപ്പെടുന്ന ഏതൊരു മൂന്നാം കക്ഷിയും കടം പിരിച്ചെടുക്കുന്നതിനെക്കുറിച്ചുള്ള ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ (ഐ.ബി.എ.) പെരുമാറ്റച്ചട്ടം പാലിക്കേണ്ടതാണ്. കാർഡ് അംഗത്തെ ബന്ധപ്പെടാൻ ബാങ്കിന് കഴിയുന്നില്ലെങ്കിൽ, താമസസ്ഥലത്ത്/ ഓഫീസിൽ/ ഫോണിൽ ലഭ്യമായ ജീവിതപങ്കാളി / രക്ഷിതാവ് / മറ്റ് മുതിർന്ന കുടുംബാംഗം / സെക്രട്ടറി / അക്കൗണ്ടന്റ് പോലുള്ള മൂന്നാം കക്ഷികൾക്ക് ഒരു സന്ദേശം നല്കിയേക്കാവുന്നതാണ്.

കാർഡ് ഉടമ മരണപ്പെട്ടാൽ കുടിശ്ശിക വീണ്ടെടുക്കൽ:

- തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന മുഴുവൻ തുകയും (ബിൽ ചെയ്യാത്ത ഇടപാടുകൾ ഉൾപ്പെടെ) ഉടനടി ഐ.ഡി.ബി.ഐ. ബാങ്കിന് കുടിശ്ശികയാകുന്നതും അടയ്ക്കേണ്ടതാകുന്നതുമാണ്.
- കാർഡ് ഉടമയുടെ വസ്തുവകയിൽ നിന്ന് മൊത്തം കുടിശ്ശിക തിരിച്ചുപിടിക്കാൻ ഐ.ഡി.ബി.ഐ. ബാങ്കിന് അവകാശമുണ്ടാകും.
- സർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഞങ്ങളുടെ ക്രെഡിറ്റ് കാർഡ് ഉടമകളെക്കുറിച്ചുള്ള ക്രെഡിറ്റ് വിവരങ്ങൾ ഞങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ (ഇന്ത്യ) ലിമിറ്റഡിന് (സി.ഐ.ബി.ഐ.എൽ.) നൽകുന്നു. നൽകിയിരിക്കുന്ന വിവരങ്ങൾ മുൻ മാസാവസാനത്തെ അവസ്ഥയെ പ്രതിഫലിപ്പിക്കുന്നു, കൂടാതെ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് പതിവാണോ അതോ നിയമവിരുദ്ധമാണോ എന്നതിനെക്കുറിച്ചുള്ള വിവരങ്ങളും ഇതിൽ ഉൾപ്പെടുന്നു. പേയ്മെന്റുകൾ ഓവർഡ്യൂ ആകാത്ത ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളിൽ പേയ്മെന്റ് അവസാന തീയതി മുതൽ 3 ദിവസത്തെ ഇളവ് ദിവസങ്ങൾ അനുവദിച്ചിരിക്കുന്നു. ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പണമടയ്ക്കേണ്ട അവസാന തീയതി എന്നത് ക്രെഡിറ്റ് കാർഡിലേക്ക് ക്ലിയർ ഫണ്ടുകൾ ക്രെഡിറ്റ് ചെയ്യേണ്ട തീയതിയാണ്, എന്നിരുന്നാലും പേയ്മെന്റുകളുടെ പ്രോസസ്സിംഗ് സമയം ക്രമീകരിക്കുന്നതിന് 3 ഗ്രേസ് ദിവസങ്ങൾ നൽകിയിട്ടുണ്ട്. ക്രെഡിറ്റ് കാർഡ് അക്കൗണ്ടിനെ 'കാലഹരണപ്പെട്ട കുടിശ്ശിക' ആയി ബാങ്ക് ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് (സി.ഐ.സി.) റിപ്പോർട്ട് ചെയ്യുകയും ക്രെഡിറ്റ് കാർഡ് അക്കൗണ്ട് 3 ദിവസത്തിൽ കൂടുതൽ 'അവസാന തീയതി കഴിഞ്ഞത്' ആയി തുടരുകയാണെങ്കിൽ വൈകിയുള്ള പേയ്മെന്റ് ചാർജുകൾ ഈടാക്കുകയും ചെയ്യും. എന്നിരുന്നാലും, 'അവസാന തീയതി കഴിഞ്ഞ ദിവസങ്ങൾ', പണമടവ് വൈകിയതിനുള്ള ചാർജുകൾ എന്നിവ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് അവസാന തീയതി മുതലാവും കണക്കാക്കുക. അത്തരം റിപ്പോർട്ട് ചെയ്യുന്ന തീയതിയിൽ ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ട് കൃത്യവിലോപം വരുത്തുകയും തുടർന്ന് അക്കൗണ്ട് ക്രമപ്പെടുത്തുകയും ചെയ്താൽ, അടുത്ത പ്രതിമാസ റിപ്പോർട്ടിംഗ് സമയത്ത് മാത്രമേ അക്കൗണ്ടിന്റെ സ്റ്റാറ്റസ് ഭാവിയിൽ അപ്ഡേറ്റ് ചെയ്യുകയുള്ളൂ. CIBIL അനുസരിച്ച്, ഉപഭോക്തൃ സ്റ്റാറ്റസിലെ എല്ലാ മാറ്റങ്ങളും പരമാവധി 30 ദിവസത്തിനുള്ളിൽ അപ്ഡേറ്റ് ചെയ്യപ്പെടും. CIBIL-ൽ പ്രതികൂലമായ ക്രെഡിറ്റ് ചരിത്രം ഒഴിവാക്കാൻ, പണമടയ്ക്കാനുള്ള അവസാന തീയതിയിലോ അതിനു മുമ്പോ കാർഡ് അക്കൗണ്ടിൽ കുടിശ്ശികയുള്ള തുക സമയബന്ധിതമായി അടയ്ക്കുന്നുണ്ടെന്ന് ക്രെഡിറ്റ് കാർഡ് ഉടമകൾ ഉറപ്പാക്കണം.

- **എസ്.എം.എ. & എൻ.പി.എ.**

(A) **(എ) പ്രത്യേക പരാമർശ അക്കൗണ്ടുകൾ ('എസ്എംഎ'):**

റെഗുലേറ്ററി ആവശ്യകതകൾ നിറവേറ്റുന്നതിനായി, അക്കൗണ്ടിലെ പ്രാരംഭ സമ്മർദ്ദം തിരിച്ചറിയുന്നതിന് എസ്.എം.എ.0, എസ്.എം.എ. 1 & എസ്.എം.എ. 2 എന്ന മൂന്ന് ഉപ-കാറ്റഗറികളോടെയുള്ള, സ്പെഷ്യൽ മെൻഷൻ അക്കൗണ്ട്സ് ('എസ്.എം.എ.')" എന്ന ഒരു ഉപ-അസറ്റ് വിഭാഗം, ഐ.ഡി.ബി.ഐ. സൃഷ്ടിക്കേണ്ടത് ആവശ്യമാണ്.

(B) **(B) നിഷ്ക്രിയ ആസ്തി അഥവാ നോൺ പെർഫോമിംഗ് അസറ്റ് എൻ.പി.എ.:**

സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുള്ള അടയ്ക്കേണ്ട മിനിമം തുക, സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുള്ള പി.ഡി.ഡി.-യിൽ നിന്ന് തൊണ്ണൂറ് (90) ദിവസത്തിനുള്ളിൽ പൂർണ്ണമായും അടച്ചില്ലെങ്കിൽ, ആ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് നിഷ്ക്രിയ ആസ്തി ('എൻ.പി.എ.') ആയി കണക്കാക്കപ്പെടും. കൂടാതെ, ഒരു സെറ്റിൽമെന്റ് അല്ലെങ്കിൽ പുനർനിർമ്മാണ ക്രമീകരണം ലഭിച്ച ഏതൊരു അക്കൗണ്ടും എൻ.പി.എ. ആയി വർഗ്ഗീകരിക്കപ്പെടും. പലിശയുടെയും മുതലിന്റെയും മുഴുവൻ കുടിശ്ശികയും അടയ്ക്കുന്നതുവരെ ഒരു

അക്കൗണ്ട് എൻ.പി.എ. ആയി വർഗ്ഗീകരിക്കപ്പെടും.

സെറ്റിൽമെന്റും പുനഃക്രമീകരിച്ച അക്കൗണ്ടുകളും ഒരു അപ്ഗ്രേഡിന് യോഗ്യമാകുന്നതല്ല.

എസ്.എം.എ. ഉപ-കാറ്റഗറികൾ	**വർഗ്ഗീകരണത്തിനുള്ള അടിസ്ഥാനം [പൂർണ്ണമായോ ഭാഗികമായോ ഓവർഡ്യൂ ആയ മുതൽ അല്ലെങ്കിൽ പലിശ പേയ്മെന്റ് അല്ലെങ്കിൽ മറ്റേതെങ്കിലും തുക]**
എസ്.എം.എ – 0	പി.ഡി.ഡി.-യിൽ നിന്ന് 30 ദിവസം വരെ
എസ്.എം.എ. – 1	പി.ഡി.ഡി.-യിൽ നിന്ന് 30 ദിവസത്തിൽ കൂടുതലും 60 ദിവസം വരെയും
എസ്.എം.എ. – 2	പി.ഡി.ഡി.-യിൽ നിന്ന് 60 ദിവസത്തിൽ കൂടുതലും 90 ദിവസം വരെയും

ഉദാഹരണ ചിത്രീകരണം:

ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ടിന്റെ അവസാന തീയതി 2021 മാർച്ച് 31 ആണെങ്കിൽ, ബാങ്ക് ഈ തീയതിക്കുള്ള ഡേ-എൻഡ് പ്രക്രിയ നടത്തുന്നതിന് മുമ്പ് മുഴുവൻ കുടിശ്ശികകളും ലഭിച്ചില്ലെങ്കിൽ, ഓവർഡ്യൂ തീയതി 2021 മാർച്ച് 31 ആയിരിക്കും. ഇത് തുടർന്നും കുടിശ്ശികയായി തുടരുകയാണെങ്കിൽ, 2021 ഏപ്രിൽ 30-ന് ഡേ-എൻഡ് പ്രക്രിയ നടപ്പിലാക്കുമ്പോൾ, അതായത് തുടർച്ചയായി 30 ദിവസത്തെ കുടിശ്ശിക പൂർത്തിയാകുമ്പോൾ, ഈ കാർഡ് അക്കൗണ്ട് എസ്.എം.എ.-1 ആയി ടാഗ് ചെയ്യപ്പെടും. അതനുസരിച്ച്, ആ കാർഡ് അക്കൗണ്ടിന്റെ എസ്.എം.എ.-1 വർഗ്ഗീകരണ തീയതി 2021 ഏപ്രിൽ 30 ആയിരിക്കും. അതുപോലെ, കാർഡ് അക്കൗണ്ട് ഓവർഡ്യൂ ആയി തുടരുകയാണെങ്കിൽ, 2021 മെയ് 30-ന് ഡേ-എൻഡ് പ്രക്രയ നടപ്പിലാക്കുമ്പോൾ അത് എസ്.എം.എ.-2 ആയി ടാഗ് ചെയ്യപ്പെടും, പിന്നെയും കുടിശ്ശികയായി തുടരുകയാണെങ്കിൽ, 2021 ജൂൺ 29-ന് ഡേ-എൻഡ് പ്രക്രിയ നടപ്പിലാക്കുമ്പോൾ അത് എൻ.പി.എ. ആയി വർഗ്ഗീകരിക്കപ്പെടും. പണമടയക്കേണ്ട അവസാന തീയതി: 2021 മാർച്ച് 31

ഓവർഡ്യൂ ദിവസങ്ങൾ	**വർഗ്ഗീകരണ തീയതി**	**വർഗ്ഗീകരണ സ്റ്റാറ്റസ്***
എൻ.എ.	2021 മാർച്ച് 30	സ്റ്റാൻഡേർഡ്
1	2021 മാർച്ച് 31,	എസ്.എം.എ.0
31	2021 ഏപ്രിൽ 30	എസ്.എം.എ.1
61	2021 മെയ് 30	എസ്.എം.എ.2
91	2021 ജൂൺ 29	എൻ.പി.എ.

ക്രെഡിറ്റ് കാർഡ് സൗകര്യങ്ങളെ നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും സപ്ലിമെന്ററി / ആഡ് ഓൺ കാർഡ് ഉടമയ്ക്കും ബാധകമായിരിക്കും.

5. **<u>ലീനിന്റെ അവകാശം</u>**

ബാങ്കിന്റെ അഭ്യർത്ഥനപ്രകാരം, കാർഡ് അക്കൗണ്ടിലെ ബാക്കി തുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചടച്ചില്ലെങ്കിൽ, കാർഡ് അംഗത്തിന്റെയും/അല്ലെങ്കിൽ ആഡ് ഓൺ കാർഡ് അംഗത്തിന്റെയും ബാങ്കിന്റെ ഏതെങ്കിലും അക്കൗണ്ടിൽ/കസ്റ്റഡിയിൽ അവരുടെ ക്രെഡിറ്റിൽ നിലനിൽക്കുന്ന എല്ലാ പണത്തിന്റെയും ലീനും സെറ്റ്-ഓഫ് ചെയ്യാനുള്ള അവകാശവും ബാങ്കിന് ഉണ്ടായിരിക്കും.

6. **<u>കാർഡ് അംഗത്വം അവസാനിപ്പിക്കൽ/അസാധുവാക്കൽ</u>**

(i) കാർഡ് അംഗത്തിന് എപ്പോൾ വേണമെങ്കിലും ഐ.ഡി.ബി.ഐ. ബാങ്കിലേക്ക് "മാനേജർ, ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്, സി.പി.യു. - ക്രെഡിറ്റ് കാർഡ്സ് ഡിവിഷൻ, ഐ.ഡി.ബി.ഐ. ബിൽഡിംഗ്, മൂന്നാം നില, പ്ലോട്ട് നമ്പർ: 39/40/41, സെക്ടർ-11, സി.ബി.ഡി.-ബേലാപൂർ, നവി മുംബൈ, പിൻ-400614" എന്ന വിലാസത്തിലേക്ക്, കാർഡുകൾ ഡയഗണലായി കഷണങ്ങളായി മുറിച്ചതിനൊപ്പം, കത്തെഴുതി കാർഡിന്റെ അംഗത്വം അവസാനിപ്പിക്കാവുന്നതാണ്. ആഡ്-ഓൺ കാർഡുകൾ ഉൾപ്പെടെയുള്ള എല്ലാ കാർഡുകളും രേഖാമൂലമുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലോ customercare@ഐ.ഡി.ബി.ഐ..co.inഎന്ന വിലാസത്തിൽ ഇമെയിൽ അയച്ചോ അവസാനിപ്പിക്കുന്നതാണ്. ക്രെഡിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മുഴുവൻ കാർഡിന്റെയും കുടിശ്ശികയും വായ്പകളും/ഇഎംഐ സൗകര്യങ്ങളും (എടുത്തിട്ടുണ്ടെങ്കിൽ) ഉടനടി അടച്ചുതീർക്കേണ്ടതായി മാറുന്നതാണ്. കാർഡ് അക്കൗണ്ടിലേക്ക് കുടിശ്ശികയുള്ള എല്ലാ തുകയും അടച്ചതിനുശേഷം മാത്രമേ അവസാനിപ്പിക്കൽ പ്രാബല്യത്തിൽ വരികയുള്ളൂ. വാർഷിക, ജോയിനിംഗ് അല്ലെങ്കിൽ പുതുക്കൽ ഫീസുകൾ ആനുപാതികമായി റീഫണ്ട് ചെയ്യുന്നതല്ല.

(ii) കാർഡ് ഉപയോഗിക്കുന്നതിൽ അസാധാരണവും അസ്വാഭാവികവുമായ ഇടപാട് രീതികൾ ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടാൽ, കാർഡ് ഇടപാടിന്റെ സത്യസന്ധത പരിശോധിക്കുന്നതിനായി ബാങ്ക് അതിന്റെ രേഖകളിൽ ലഭ്യമായ ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ ഉപഭോക്താവുമായി ബന്ധപ്പെടാൻ ശ്രമിക്കും. ഉപഭോക്താവുമായി ബന്ധം സ്ഥാപിക്കുന്നതിൽ ബാങ്ക് പരാജയപ്പെട്ടാൽ,
കാർഡ് ഉടമയുടെ താൽപ്പര്യത്തിനായോ സുരക്ഷാ കാരണങ്ങളാലോ അത് ആവശ്യമാണെന്ന് ബാങ്ക് ന്യായമായും വിശ്വസിക്കുന്നുവെങ്കിൽ, കൂടുതൽ അറിയിപ്പ് നല്കാതെ കാർഡ് ഉപയോഗം നിയന്ത്രിക്കാം / അവസാനിപ്പിക്കാം. കാർഡ് അംഗം അടയ്ക്കേണ്ട പണമടയ്ക്കലിൽ വീഴ്ച വരുത്തിയാലോ അല്ലെങ്കിൽ നല്കിയ ക്രെഡിറ്റ് പരിധി കവിഞ്ഞാലോ, ഐ.ഡി.ബി.ഐ. ബാങ്കിന് ക്രെഡിറ്റ് കാർഡിലെ സൗകര്യം താൽക്കാലികമായി നിർത്തിവയ്ക്കാൻ കഴിയും. കരാർ അവസാനിച്ചതിനുശേഷമോ കാർഡ് അക്കൗണ്ട് സസ്പെൻഡ് ചെയ്താലോ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ പാടില്ല.

(iii) അത്തരമൊരു സാഹചര്യത്തിൽ, കാർഡ് അംഗം (നിയമപ്രകാരം ആവശ്യമായ ഏതെങ്കിലും വീഴ്ചയ്ക്കോ മറ്റ് അറിയിപ്പിനോ വിധേയമായി) അക്കൗണ്ടിലെ മൊത്തം കുടിശ്ശിക ബാലൻസ് ഉടൻ തന്നെ ഐ.ഡി.ബി.ഐ. ബാങ്കിന് അടയ്ക്കണം. ഇതിൽ കരാറിന് കീഴിൽ ഐ.ഡി.ബി.ഐ. ബാങ്കിന് നൽകേണ്ട എല്ലാ തുകയും, അക്കൗണ്ടിലേക്ക് ഇതുവരെ ഈടാക്കാത്ത എല്ലാ ഇടപാടുകളും മറ്റ് തുകയും ഉൾപ്പെടുന്നു. ബാങ്കിന് എല്ലാ കുടിശ്ശിക തുകയും ലഭിച്ചുകഴിഞ്ഞാൽ മാത്രമേ കാർഡ് അംഗത്വം അവസാനിപ്പിക്കൽ/റദ്ദാക്കൽ പ്രാബല്യത്തിൽ വരികയുള്ളൂ.

(iv) ഐ.ഡി.ബി.ഐ. ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ, ക്രെഡിറ്റ് കാർഡിലെയോ / ആഡ്-ഓൺ കാർഡിലെയോ കുടിശ്ശിക തുക ഒരു കാരണവും കാണിക്കാതെ തിരിച്ചുവിളിച്ചേക്കാവുന്നതാണ് ഐ.ഡി.ബി.ഐ. ബാങ്ക് മുഴുവൻ കുടിശ്ശിക തുകയും തിരിച്ചുവിളിക്കുന്ന സാഹചര്യത്തിൽ, ഐ.ഡി.ബി.ഐ. ബാങ്ക് കാർഡ് അംഗത്തിന് മുഴുവൻ കുടിശ്ശിക തുകയും അടയ്ക്കുന്നതിന് ന്യായമായ അറിയിപ്പ് നൽകുന്നതാണ്.

(v) ഈ നിബന്ധനകളിലും വ്യവസ്ഥകളിലും മറ്റെവിടെയെങ്കിലും വിരുദ്ധമായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ പോലും, ഐ.ഡി.ബി.ഐ. ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലോ ക്രെഡിറ്റ് കാർഡിലോ / ആഡ്-ഓൺ കാർഡിലോ അനുവദിച്ച പരിധി, അതിനുള്ള ഒരു കാരണവും കാണിക്കാതെ റദ്ദാക്കാവുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലോ / ക്രെഡിറ്റ് കാർഡിലോ / ആഡ്-ഓൺ കാർഡിലോ അനുവദിച്ച പരിധി ഐ.ഡി.ബി.ഐ. ബാങ്ക് റദ്ദാക്കിയാൽ, ഐ.ഡി.ബി.ഐ. ബാങ്ക് അത്തരം റദ്ദാക്കൽ കാർഡ് അംഗത്തെ അറിയിക്കും.

(vi) ഒരു കാർഡ് അംഗത്തിന്റെ മരണം അല്ലെങ്കിൽ ശേഷിനഷ്ടപ്പെടലിൽ, കാർഡ്

അംഗത്തിന്റെ കോർപ്പറേറ്റ് ബോഡിയുടെ നിർദ്ധനത്വം / പിരിച്ചുവിടൽ / പാപ്പരത്തം / അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കൽ എന്നിവയിൽ കാർഡ് അംഗത്തിനും മറ്റ് ആഡ്-ഓൺ കാർഡ് അംഗങ്ങൾക്കും നൽകിയ കാർഡ് സ്വയമേവ റദ്ദാക്കപ്പെടും. കാർഡ് അക്കൗണ്ട് ഏതെങ്കിലും ഗവൺമെന്റ് / റെഗുലേറ്ററി ബോഡിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് താൽക്കാലികമായി നിർത്തിവയ്ക്കാനും ബാധ്യസ്ഥമാണ്. ഒരു കാർഡ് അംഗത്തിന്റെ മരണം അല്ലെങ്കിൽ ശേഷിനഷ്ടപ്പെടലിൽ, കാർഡ് അംഗത്തിന്റെ കോർപ്പറേറ്റ് ബോഡിയുടെ നിർദ്ധനത്വം / പിരിച്ചുവിടൽ / പാപ്പരത്തം / അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കൽ അല്ലെങ്കിൽ ഗവൺമെന്റ് / റെഗുലേറ്ററി ബോഡികളിൽ നിന്നുള്ള നിർദ്ദേശം എന്നിവയിൽ കാർഡ് അക്കൗണ്ടിലെ ബാക്കിനില്ക്കുന്ന എല്ലാ തുകയും ഉടനടി കുടിശ്ശികയായി കണക്കാക്കുന്നതും, കാർഡ് അംഗത്തിന്റെ എല്ലാ കുടിശ്ശിക തുകയും ഉടനടി നൽകാനുള്ള ബാധ്യതയ്ക്ക് ഹാനികരമാകാതെ നിലവിലുള്ള പ്രസക്തമായ നിയമങ്ങൾക്കനുസൃതമായി അത് വീണ്ടെടുക്കാൻ ബാങ്കിന് അവകാശമുണ്ട്.

(vii) ഐ.ഡി.ബി.ഐ. ബാങ്ക് ഇന്ററർനാഷണൽ ക്രെഡിറ്റ് കാർഡിന്റെ(കളുടെ) ഉപയോഗം കർശനമായും കാലാകാലങ്ങളിൽ ബാധകമായ എക്സ്ചേഞ്ച് നിയന്ത്രണ ചട്ടങ്ങൾ, രാജ്യത്തെ അല്ലെങ്കിൽ റെഗുലേറ്ററി അതോറിറ്റികളുടെ നിയമം അനുസരിച്ചായിരിക്കുമെന്ന് കാർഡ് ഉടമ മനസ്സിലാക്കുന്നു. വിദേശനാണയ വ്യാപാരം, ലോട്ടറി, വാതുവയ്പ്പ്, ചൂതാട്ടം, ഡേറ്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട ഇടപാടുകൾക്ക് കാർഡ് ഉപയോഗിക്കില്ല. കാർഡ് ഉടമകൾ സ്വയം അപ്ഡേറ്റ് ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്തമാണ്. അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ) പ്രകാരമോ അതിന്റെ നിയമപരമായ പരിഷ്കാരങ്ങൾ അല്ലെങ്കിൽ പുനർനിർമ്മാണങ്ങൾ പ്രകാരമോ കാർഡ് ഉടമ ബാദ്ധ്യസ്ഥമായിരിക്കും.

(viii) ഒരു വർഷത്തിൽ കൂടുതൽ ഒരു ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചിട്ടില്ലെങ്കിൽ, കാർഡ് ഉടമയെ അറിയിച്ചതിന് ശേഷം കാർഡ് ക്ലോസ് ചെയ്യുന്നതിനുള്ള പ്രക്രിയ ആരംഭിക്കും. 30 ദിവസത്തിനുള്ളിൽ കാർഡ് ഉടമയിൽ നിന്ന് മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമയുടെ എല്ലാ കുടിശ്ശികകളും അടയ്ക്കുന്നതിന് വിധേയമായി കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യാം.

(ix) ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്ന പ്രക്രിയ ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതിൽ കാർഡ് ഇഷ്യൂവർമാർ പരാജയപ്പെട്ടാൽ,
ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്നതുവരെ, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ കുടിശ്ശികയില്ല എന്നതിനു വിധേയമായി, കാലതാമസത്തിന്റെ ഓരോ കലണ്ടർ ദിവസത്തിനും ഉപഭോക്താവിന് ₹500 പിഴ നല്കേണ്ടതാണ്.

7. <u>കാർഡിന്റെ നഷ്ടപ്പെടൽ/മോഷണം/ദുരുപയോഗം</u>

(i) പ്രാഥമിക അല്ലെങ്കിൽ ഏതെങ്കിലും അഡീഷണൽ ക്രെഡിറ്റ് കാർഡ് കാണാതായാലോ നഷ്ടപ്പെട്ടാലോ, മോഷ്ടിക്കപ്പെട്ടാലോ, വികൃതമായാലോ, സമയത്തിന് ലഭിച്ചില്ലെങ്കിലോ കാർഡ് അംഗത്തിന്റെ അനുമതിയില്ലാതെ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നുണ്ടെന്ന് സംശയിക്കുന്നുണ്ടെങ്കിലോ കാർഡ് അംഗം 24 മണിക്കൂർ ക്രെഡിറ്റ് കാർഡ് കസ്റ്റമർ കെയറിനെ ഉടൻ അറിയിക്കണം. കാർഡ് ഉടമയ്ക്ക് ഐ.വി.ആർ. അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് നെറ്റ് ബാങ്കിംഗ് അല്ലെങ്കിൽ ജി.ഒ. മൊബൈൽ ആപ്പ് വഴിയും തൽക്ഷണം കാർഡ് ബ്ലോക്ക് ചെയ്യാനും കഴിയും. ഒരു കാർഡ് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ, പിന്നീട് കാർഡ് ഉടമ അത് കണ്ടെത്തിയാൽ ഒരു സാഹചര്യത്തിലും അത് ഉപയോഗിക്കരുത്, കൂടാതെ കാർഡ് ഉടമ ആ കാർഡ് ഡയഗണലായി മുറിക്കുകയും വേണം.

(ii) കാർഡ് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് കാർഡ് അക്കൗണ്ടിൽ നടക്കുന്ന ഏത് ഇടപാടുകൾക്കും ബാങ്ക് ബാധ്യസ്ഥതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കില്ല, കൂടാതെ കാർഡ് അംഗം അതിന് പൂർണ്ണമായും ബാധ്യസ്ഥനായിരിക്കുകയും ചെയ്യും. കാർഡ് ഇടപാടുകൾ ഇന്ത്യയ്ക്ക് പുറത്തുള്ള വ്യാപാരികളിൽ പ്രോസസ്സ് ചെയ്യുമ്പോൾ, വ്യാപാരികൾക്ക് പിൻ / അധിക പ്രാമാണീകരണം ഇല്ലാതെ ആ ഇടപാടുകൾ പ്രോസസ്സ് ചെയ്യാൻ കഴിയും, കാരണം അത് ആ രാജ്യങ്ങളിൽ ഒരു മാൻഡേറ്റ് ആയിരിക്കില്ല. കാർഡ് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പുള്ള എല്ലാ ഇടപാടുകൾക്കും കാർഡ് അംഗം

പൂർണ്ണമായും ബാധ്യസ്ഥനാണ്. ബാങ്കിന് നഷ്ടം സംബന്ധിച്ച ശരിയായ അറിയിപ്പ് ലഭിച്ചതിനുശേഷം, കാർഡ് അംഗത്തിന്റെ തുടർന്നുള്ള ബാധ്യത പൂജ്യമാണ്. കാർഡ് നഷ്ടപ്പെട്ടതിനെക്കുറിച്ചോ മോഷണം പോയതിനെക്കുറിച്ചോ ഐ.ഡി.ബി.ഐ. ബാങ്കിനെ അറിയിക്കുന്നതിനു പുറമേ, കാർഡുകളുടെ ഏതെങ്കിലും മോഷണം പോലീസിൽ റിപ്പോർട്ട് ചെയ്യുകയും എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും പോലീസ് പരാതിയുടെ ഒരു പകർപ്പ് നൽകുകയും വേണം.

(iii) കാർഡ് അംഗത്തിന്റെയോ ഒരു അഡീഷണൽ കാർഡ് അംഗത്തിന്റെയോ സമ്മതത്തോടെയോ/ഉപേക്ഷയോടെയോ/അശ്രദ്ധയോടെയോ പിൻ അല്ലെങ്കിൽ കാർഡ് നേടിയ ഒരാൾ കാർഡ് ദുരുപയോഗം ചെയ്താൽ എല്ലാ നഷ്ടങ്ങൾക്കും കാർഡ് അംഗം ഉത്തരവാദിയായിരിക്കും.

(iv) കാർഡ് അംഗം വഞ്ചനാപരമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, എല്ലാ നഷ്ടങ്ങൾക്കും കാർഡ് അംഗം ഉത്തരവാദിയായിരിക്കും. കാർഡ് അംഗം ന്യായമായ ശ്രദ്ധയില്ലാതെ പ്രവർത്തിച്ചാൽ, ഉണ്ടായ എല്ലാ നഷ്ടങ്ങൾക്കും കാർഡ് അംഗം ഉത്തരവാദിയായിരിക്കും.

(v) കാർഡിന്റെയോ പിൻ നമ്പറിന്റെയോ നഷ്ടം, മോഷണം അല്ലെങ്കിൽ ദുരുപയോഗം എന്നിവയെക്കുറിച്ച് ഐ.ഡി.ബി.ഐ. ബാങ്ക് പ്രസക്തമെന്ന് കരുതുന്ന ഏത് വിവരവും കാർഡ് അംഗത്തെയോ ഏതെങ്കിലും അഡീഷണൽ കാർഡ് അംഗത്തെയോ പരാമർശിക്കാതെ തന്നെ, പോലീസിനോ മറ്റ് പ്രസക്തമായ അധികാരികൾക്കോ നൽകാവുന്നതാണ്

(vi) അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ ഉപഭോക്തൃ സംരക്ഷണം - ഉപഭോക്താക്കളുടെ ബാധ്യത പരിമിതപ്പെടുത്തൽ എന്നിവയെക്കുറിച്ചുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ.)യുടെ ജൂലൈ 06-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, അനധികൃത ക്രെഡിറ്റ് കാർഡ് ഇടപാടുകളുമായി ബന്ധപ്പെട്ട ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനായി ഒരു നയം രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഐ.ഡി.ബി.ഐ. ബാങ്കിന്റെ വെബ്സൈറ്റിൽ "ഉപഭോക്തൃ പരാതി പരിഹാര നയം" എന്നതിന് കീഴിൽ ഇത് അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളോടുള്ള പെരുമാറ്റത്തിലെ സുതാര്യത, നീതി എന്നിവയുടെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ നയം.

പിൻ നമ്പർ സുരക്ഷിതമായി സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ആശയവിനിമയം

കാർഡ് ഉടമയ്ക്ക് കാർഡിനൊപ്പം ഉപയോഗിക്കുന്നതിനായി നൽകുന്ന വ്യക്തിഗത തിരിച്ചറിയൽ നമ്പർ (പിൻ) അല്ലെങ്കിൽ പിൻ ആയി കാർഡ് ഉടമ തിരഞ്ഞെടുത്ത ഏതെങ്കിലും നമ്പർ കാർഡ് ഉടമയ്ക്ക് മാത്രമേ അറിയാവൂ. ഇത് കാർഡ് ഉടമയുടെ വ്യക്തിഗത ഉപയോഗത്തിനുള്ളതാണ്, കൂടാതെ കൈമാറ്റം ചെയ്യാൻ കഴിയാത്തതും കർശനമായി രഹസ്യവുമാണ്. മൂന്നാം കക്ഷിക്ക് ഇത് ഉപയോഗിക്കാൻ സൗകര്യമൊരുക്കുന്ന ഏതെങ്കിലും രൂപത്തിലോ സ്ഥലത്തോ രീതിയിലോ പിൻ നമ്പറിന്റെ രേഖാമൂലമുള്ള രേഖ സൂക്ഷിക്കരുത്. പിൻ വിവരങ്ങൾ ഏതെങ്കിലും സാഹചര്യത്തിലോ ഏതെങ്കിലും വിധത്തിലോ, സ്വമേധയാ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ, മൂന്നാം കക്ഷിക്കോ, ബാങ്കിന്റെ ജീവനക്കാർക്കോ, വ്യാപാര സ്ഥാപനങ്ങൾക്കോ വെളിപ്പെടുത്തരുത്.

കാർഡ് ഉടമകൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ

കാർഡ് വേരിയന്റ് തരത്തെ ആശ്രയിച്ച്, നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡ്/ആപകട ഇൻഷുറൻസ് പരിരക്ഷ ഐ.ഡി.ബി.ഐ. ബാങ്ക് സൗജന്യമായി വാഗ്ദാനം ചെയ്യുന്നു. പ്രസ്തുത ഇൻഷുറൻസ് ഒരു മൂന്നാം കക്ഷി ഇൻഷുറൻസ് കമ്പനിയാണ് പ്രദാനം ചെയ്യുന്നത്, ഇക്കാര്യത്തിലുള്ള ഏതൊരു ക്ലെയിം സെറ്റിൽമെന്റിനും അവർ ഉത്തരവാദിയാണ്. ക്രെഡിറ്റ് കാർഡ് സജ്ജീകരിച്ച തീയതി മുതൽ പോളിസി കവറേജ് ആരംഭിക്കുന്നു. ബാധകമായ ഇൻഷുറൻസ് പരിരക്ഷകൾക്കായി ദയവായി സ്വാഗത ബുക്ക്ലെറ്റ് പരിശോധിക്കുക അല്ലെങ്കിൽ ബാങ്കിന്റെ വെബ്സൈറ്റ് www.ഐ.ഡി.ബി.ഐ.bank.in കാണുക.

8. സെക്യൂവേർഡ് ക്രെഡിറ്റ് കാർഡ്

താഴെ ലിസ്റ്റ് ചെയ്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും ഐ.ഡി.ബി.ഐ. ബാങ്ക് സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിന് ബാധകമാണ്, കൂടാതെ ഐ.ഡി.ബി.ഐ. ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് സൗകര്യങ്ങളെ നിയന്ത്രിക്കുന്ന ക്രെഡിറ്റ് കാർഡ് ഉടമാ കരാറിന്റെ പൊതുവായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ഐ.ഡി.ബി.ഐ. ബാങ്കിന്റെ ഫിക്സഡ് ഡെപ്പോസിറ്റിനെ നിയന്ത്രിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പുറമേയായിരിക്കുന്നതുമാണ്.

(i) സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിലെ ക്രെഡിറ്റ് പരിധി, പരമാവധി ക്രെഡിറ്റ് പരിധി ₹10 ലക്ഷം വരെ എന്നതിനു വിധേയമായി, ഫിക്സഡ് ഡെപ്പോസിറ്റ് തുകയുടെ എൺപത്തിയഞ്ച് ശതമാനം (85%) വരെയോ അല്ലെങ്കിൽ ഐ.ഡി.ബി.ഐ. ബാങ്ക് കാലാകാലങ്ങളിൽ തീരുമാനിക്കുന്നതോ ആയിരിക്കും.

(ii) ഐ.ഡി.ബി.ഐ. ബാങ്ക് സെക്യൂവേർഡ് ക്രെഡിറ്റ് കാർഡ് നൽകുന്നതിനുള്ള അഭ്യർത്ഥന പ്രോസസ്സ് ചെയ്യുന്നതിന് കാർഡ് ഉടമയും/അല്ലെങ്കിൽ എല്ലാ ജോയിന്റ് ഫിക്സഡ് ഡെപ്പോസിറ്റ് ഉടമകളും ഐ.ഡി.ബി.ഐ. ബാങ്ക് വ്യക്തമാക്കിയിട്ടുള്ള നിക്ഷേപത്തിനുള്ള സ്ഥിരീകരണം (സിഡി) സമർപ്പിക്കണം.

(iii) സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിനെതിരെ ഫിക്സഡ് ഡെപ്പോസിറ്റ് ലീൻ അടയാളപ്പെടുത്തി പുതുക്കുമ്പോൾ, നിക്ഷേപത്തിന്റെ സ്ഥിരീകരണം ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ട് ഉടമകൾക്ക് അയയ്ക്കില്ല.

(iv) കാർഡിലെ ക്രെഡിറ്റ് പരിധി ഫിക്സഡ് ഡെപ്പോസിറ്റിന്റെ മുതൽ തുകയുടെ ധർമ്മമായിരിക്കും; സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ള ക്രെഡിറ്റ് പരിധിയിൽ ഒരു സ്വാധീനവും ചെലുത്തില്ല.

(v) സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിന് കീഴിൽ എല്ലാ കുടിശ്ശികകളും അടച്ച് സെക്യൂ േർഡ് ക്രെഡിറ്റ് കാർഡ് അവസാനിപ്പിക്കുന്നില്ലെങ്കിൽ, കാർഡ് ഉടമ/ജോയിന്റ് സ്ഥിര നിക്ഷേപ ഉടമകൾക്ക്, സെക്യൂ േർഡ് ക്രെഡിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള സ്ഥിര നിക്ഷേപം ലംഘിക്കാനോ ഭാഗികമായി പിൻവലിക്കാനോ കഴിയില്ല.

(vi) സ്ഥിര നിക്ഷേപമോ ഐ.ഡി.ബി.ഐ. ബാങ്കിന്റെ സെക്യൂവേർഡ് ക്രെഡിറ്റ് കാർഡോ അവസാനിപ്പിക്കുകയോ/പിൻവലിക്കുകയോ/റദ്ദാക്കുകയോ ചെയ്താൽ

- കാർഡ് ഉടമ പേയ്മെന്റ് നടത്താനുള്ള അവസാന തീയതിയുടെ 30 ദിവസം വരെ കുടിശ്ശിക തുകയോ അടയ്ക്കേണ്ട മിനിമം തുകയോ അടച്ചില്ലെങ്കിൽ, ക്രെഡിറ്റ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യപ്പെടുകയും, അടുത്ത 21 ദിവസത്തിനുള്ളിൽ കാർഡ് ഉടമ കുടിശ്ശിക തുക അടച്ചില്ലെങ്കിൽ, കുടിശ്ശിക തുക ഉടനടി തിരിച്ചുപിടിക്കുന്നതിന് എഫ്ഡി(കൾ) ലിക്വിഡേറ്റ് ചെയ്യുകയും ചെയ്യും.
- അല്ലെങ്കിൽ നിബന്ധനകൾ പ്രകാരം ഐ.ഡി.ബി.ഐ. ബാങ്ക് ഈടാക്കുന്ന ഏതെങ്കിലും ഫീസ്, ചാർജുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും തുക ഉൾപ്പെടെ സെക്യൂ േർഡ് ക്രെഡിറ്റ് കാർഡിലെ കുടിശ്ശിക തുക ഏത് സമയത്തും ക്രെഡിറ്റ് പരിധി തുകയുടെ 100% ൽ കൂടുതലോ തുല്യമോ ആണെങ്കിൽ

a) സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിൽ നിന്ന് മൊത്തം കുടിശ്ശിക തുക വീണ്ടെടുക്കുന്നതിന് കാർഡ് ഉടമയുടെ / ജോയിന്റ് ഫിക്സഡ് ഡെപ്പോസിറ്റ് ഉടമയുടെ സേവിംഗ്സ് ബാങ്ക് (എസ്.ബി.) / കറന്റ് അക്കൗണ്ട് (സി.എ.) / മറ്റ് അക്കൗണ്ടുകൾ (ഒറ്റയ്ക്കോ സംയുക്തമായോ പരിപാലിക്കുന്നത്) ഡെബിറ്റ് ചെയ്യാൻ ബാങ്കിന് പൂർണ്ണ അവകാശമുണ്ടായിരിക്കും

b) സെക്യൂവേർഡ് ക്രെഡിറ്റ് കാർഡിലെ മൊത്തം കുടിശ്ശിക വീണ്ടെടുക്കാൻ ആവശ്യമായ തുക എസ്.ബി./സി.എ./ മറ്റ് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടില്ലെങ്കിൽ, ഐ.ഡി.ബി.ഐ. ബാങ്കിന് സമാഹരിച്ച പലിശ ഉൾപ്പെടെ മുഴുവൻ ഫിക്സഡ് ഡെപ്പോസിറ്റ് (കൾ) തുകയും ലിക്വിഡേറ്റ് ചെയ്യാനും സെക്യൂ േർഡ് പ്രകാരം ഐ.ഡി.ബി.ഐ. ബാങ്കിന് നൽകേണ്ട കുടിശ്ശിക തുകയ്ക്കെതിരെ അത്തരം തുക ക്രമീകരിക്കാനും / സെറ്റ് ഓഫ് ചെയ്യാനും

പൂർണ്ണ അവകാശം ഉണ്ടായിരിക്കും

ക്രെഡിറ്റ് കാർഡും കാർഡ് ഉടമയും / ജോയിന്റ് ഫിക്സഡ് ഡെപ്പോസിറ്റ് ഉടമകളും ഐ.ഡി.ബി.ഐ. ബാങ്കിനെതിരെ ഒരു ക്ലെയിം ഉന്നയിക്കരുത്. മുകളിൽ സൂചിപ്പിച്ച ക്രമീകരണം/കിഴിവ്/സെറ്റ്-ഓഫ് എന്നിവയ്ക്ക് ശേഷം ശേഷിക്കുന്ന ഏതൊരു ബാലൻസും കാർഡ് ഉടമയ്ക്കോ ജോയിന്റ് ഫിക്സഡ് ഡിപ്പോസിറ്റ് ഉടമയ്ക്കോ/കൾക്കോ സാഹചര്യത്തിനനുസരിച്ച് തിരികെ നൽകുന്നതാണ്.

(vii) ഫിക്സഡ് ഡിപ്പോസിറ്റ്(കൾ) ലിക്വിഡേറ്റ് ചെയ്താൽ, മുൻകൂട്ടി കാണാവുന്ന പലിശ നഷ്ടത്തിന് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

9. <u>പരാതി പരിഹാര സംവിധാനം</u>

കാർഡ് ഉടമകൾ ഞങ്ങളുടെ സേവനങ്ങളിൽ തൃപ്തരല്ലാതിക്കുന്ന സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ, പരാതി പരിഹാര സംവിധാനം ഉപയോഗിച്ച് അവർക്ക് പരാതി നൽകാവുന്നതാണ്.

പരാതി കൈകാര്യം ചെയ്യുന്നതിന് ബാങ്കിന് മൂന്ന് തലങ്ങളിലുള്ള ഘടനയുണ്ട്

(i) ലെവൽ 1 - ബ്രാഞ്ച്/കസ്റ്റമർ എക്സ്പീരിയൻസ് സെന്റർ

(ii) ലെവൽ 2 - പരാതി പരിഹാര ഓഫീസർ (ജി.ആർ.ഒ.)

(iii) ലെവൽ 3 - പ്രിൻസിപ്പൽ നോഡൽ ഓഫീസർ (പി.എൻ.ഒ.)

* ലെവൽ 1 ൽ 6 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നിങ്ങൾക്ക് തൃപ്തികരമായ പ്രതികരണം ലഭിച്ചില്ലെങ്കിൽ, തിങ്കൾ മുതൽ ശനി വരെ രാവിലെ 10 മുതൽ വൈകുന്നേരം 6 വരെ grocc@ഐ.ഡി.ബി.ഐ..co.in എന്ന വിലാസത്തിൽ ഞങ്ങളുടെ ജി.ആർ.ഒ.യ്ക്ക് ഇമെയിൽ അയയ്ക്കുക അല്ലെങ്കിൽ രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും ഒഴികെ തിങ്കൾ മുതൽ ശനി വരെ രാവിലെ 10നും വൈകുന്നേരം 6നും ഇടയിൽ നാലാം ശനിയാഴ്ചയും ഒഴികെ 022- 66194367 എന്ന നമ്പറിൽ വിളിക്കുക ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ് ക്രെഡിറ്റ് കാർഡ്സ്, RBG, 19ആം നില, AWing, ഐ.ഡി.ബി.ഐ. ടവർ, WTC കോംപ്ലക്സ്, കഫെ പരേഡ്, മുംബൈ - 400 005 എന്ന വിലാസത്തിൽ എഴുതുക.

** കൂടാതെ, ലെവൽ 2 ൽ 4 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നിങ്ങൾക്ക് തൃപ്തികരമായ പ്രതികരണം ലഭിച്ചില്ലെങ്കിൽ, pno@ഐ.ഡി.ബി.ഐ..co.in എന്ന വിലാസത്തിൽ ഞങ്ങളുടെപി.എൻ.ഒ.യ്ക്ക് ഇമെയിൽ അയയ്ക്കുക അല്ലെങ്കിൽ രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും ഒഴികെ തിങ്കൾ മുതൽ ശനി വരെ രാവിലെ 10നും വൈകുന്നേരം 6നും ഇടയിൽ 022 66552227എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്, ക്രെഡിറ്റ് കാർഡ്സ്, RBG, 19-ാം നില, A Wing, ഐ.ഡി.ബി.ഐ. ടവർ, WTC കോംപ്ലക്സ്, കഫെ പരേഡ്, മുംബൈ - 400 005 എന്ന വിലാസത്തിലേക്ക് എഴുതുക.

പരാതി നൽകി 30 ദിവസത്തിനുള്ളിൽ പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ, കാർഡ് അംഗത്തിന് തന്റെ പരാതിയുടെ(കളുടെ) പരിഹാരത്തിനായി ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാൻ സ്കീം പ്രകാരം ആർ.ബി.ഐ. ഓംബുഡ്സ്മാൻ ഓഫീസിനെ സമീപിക്കാവുന്നതാണ്. ക്രെഡിറ്റ് കാർഡ് പരാതി പരിഹാരം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.ഐ.ഡി.ബി.ഐ.bank.in ലെ പരാതി പരിഹാര വെബ് പേജിൽ ലഭ്യമാണ്.

10. <u>വെളിപ്പെടുത്തൽ</u>

നിലവിലുള്ള ബിസിനസ്സ് സമ്പ്രദായങ്ങൾ അനുസരിച്ച്, ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട ഏത് വിവരവും ബാങ്കിന് കാലാകാലങ്ങളിൽ ഏതെങ്കിലും (നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ) ക്രെഡിറ്റ് ബ്യൂറോയിലേക്ക് ഉപഭോക്താവിന് ഒരു അറിയിപ്പും നല്കാതെ വെളിപ്പെടുത്താൻ കഴിയുന്നതാണെന്ന് കാർഡ് അംഗം അംഗീകരിക്കുന്നു. ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ ഇന്ത്യ ലിമിറ്റഡ് (CIBIL) എന്നത് സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനക്ഷമതയും സ്ഥിരതയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റും റിസർവ് ബാങ്കും ചേർന്ന് ആരംഭിച്ച ഒരു സംരംഭമാണ്. ഈ സംരംഭത്തിൽ പങ്കെടുക്കുന്ന എല്ലാ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ഉപഭോക്തൃ ഡാറ്റ CIBIL / ക്രെഡിറ്റ് ബ്യൂറോകളുമായി പങ്കിടേണ്ടതുണ്ട്, കൂടാതെ ഈ വിവരങ്ങൾ

2005ലെ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് റെഗുലേഷൻ ആക്റ്റിന്റെ നിബന്ധനകളിൽ നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത്, കാർഡ് കാലഹരണപ്പെട്ടാൽ, ഉപഭോക്താവ് ക്രെഡിറ്റ് കാർഡ്(കൾ) വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട ഏത് വിവരവും CIBIL നും (നിലവിലുള്ളതും ഭാവിയിലുള്ളതും ആയ) മറ്റേത് ക്രെഡിറ്റ് ബ്യൂറോയ്ക്കും മതിയായ അറിയിപ്പോടെ വെളിപ്പെടുത്താൻ ബാങ്കിന് കഴിയുമെന്ന് കാർഡ് അംഗത്തെ അറിയിക്കുന്നു. ഓവർഡ്യൂ ആയ കാർഡ് അക്കൗണ്ടുകളിലേക്കുള്ള പേയ്മെന്റ് കൈപ്പറ്റുന്നതനുസരിച്ച് ഡാറ്റയുടെ ഏത് പുതുക്കലും / അപ്ഡേഷനും ബാങ്ക് പേയ്മെന്റ് സ്വീകരിച്ച് 60 ദിവസത്തിനുള്ളിൽ CIBIL / മറ്റ് ക്രെഡിറ്റ് ബ്യൂറോകളിൽ പ്രതിഫലിക്കും

പരാതിയുമായി ബന്ധപ്പെട്ട സംഭാഷണങ്ങൾ അല്ലെങ്കിൽ പേയ്മെന്റ്-റിക്കവറി സംബന്ധിയായ സംഭാഷണങ്ങൾ എന്നിവയിൽ,

ബാങ്ക് ഉചിതമെന്ന് കരുതുന്ന സാഹചര്യത്തിൽ, കാർഡ് അംഗവും ബാങ്ക് പ്രതിനിധിയും തമ്മിലുള്ള നിർദ്ദിഷ്ട സംഭാഷണങ്ങൾ, ബാങ്ക് സ്വന്തം വിവേചനാധികാരത്തിൽ, റെക്കോർഡ് ചെയ്യുമെന്ന് കാർഡ് അംഗത്തെ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
കാർഡ് അംഗത്തിന്റെ കൈവശമുള്ള ക്രെഡിറ്റ് കാർഡ്, കാർഡ് അംഗത്തിന്റെ യോഗ്യതയെയും ബാങ്കിന്റെ വിവേചനാധികാരത്തെയും അടിസ്ഥാനമാക്കി അപ്ഗ്രേഡ്/ഡൗൺഗ്രേഡ് ചെയ്യുന്നതിന് വിധേയമാണ്. ഇത് കാർഡ് അംഗത്തിന് നൽകിയിട്ടുള്ള ക്രെഡിറ്റ് പരിധിയുടെ പരിഷ്കരണത്തിലും, അതിൽ മാത്രം ഒതുങ്ങാതെയും വിപുലീകരിക്കപ്പെടുന്നു.
LICCSL-മായി സംയുക്തമായി ഐ.ഡി.ബി.ഐ. ബാങ്ക് കോ-ബ്രാൻഡ് ക്രെഡിറ്റ് കാർഡുകൾ വാഗ്ദാനം ചെയ്യുന്നു. ഈ ക്രമീകരണത്തിന് കീഴിൽ ബാങ്കിന് പങ്കാളി കോർപ്പറേറ്റുമായി വരുമാനം/ഫീസുകൾ പങ്കിടാം.

പ്രധാന റെഗുലേറ്ററി വിവരങ്ങൾ

(i) കാർഡ് ഇന്ത്യയിലും വിദേശത്തും ഉപയോഗിക്കുന്നതിന് സാധുവാണ്. എന്നിരുന്നാലും, നേപ്പാളിലും ഭൂട്ടാനിലും വിദേശ കറൻസി ഇടപാടുകൾ നടത്തുന്നതിന് ഇത് സാധുവല്ല.

(ii) ഇന്ത്യയ്ക്ക് പുറത്ത് ഇടപാടുകൾ നടത്തുന്നതിന് കാർഡ് ഉപയോഗിക്കുന്നത് ആർ.ബി .ഐ.യുടെ എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷനുകളും 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റും ഉൾപ്പെടെയുള്ള ബാധകമായ നിയമങ്ങൾക്കനുസൃതമായിരിക്കണം. ഇന്റർനെറ്റ് ട്രേഡിംഗ് പോർട്ടലുകൾ വഴിയുള്ള വിദേശ കറൻസി വ്യാപാരം അനുവദനീയമല്ല. ഏതെങ്കിലും ലംഘനങ്ങളോ അനുവർത്തനത്തിൽ പരാജയമോ ഉണ്ടായാൽ, നിങ്ങൾ ശിക്ഷാനടപടിക്ക് വിധേയനാകാം. നിങ്ങളുടെ വിദേശ കറൻസി അവകാശത്തെക്കുറിച്ച് നിങ്ങളുടെ അംഗീകൃത ഡീലറെ (എ.ഡി.യെ) സമീപിക്കണം.

(iii) ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ എന്തെങ്കിലും ക്രെഡിറ്റ് ബാലൻസ് ഉണ്ടെങ്കിൽ, ഈ ക്രെഡിറ്റ് ബാലൻസ് നിങ്ങൾക്ക് തിരികെ നൽകാൻ ഐ.ഡി.ബി.ഐ. ബാങ്കിന് അവകാശമുണ്ട്.

(iv) വിദേശ സ്ഥാപനങ്ങളിലെ നിക്ഷേപം അല്ലെങ്കിൽ വിദേശ സ്ഥാപനങ്ങൾ സ്ഥാപിക്കൽ പോലുള്ള മൂലധന അക്കൗണ്ട് ഇടപാടുകളിലേക്ക് പണമടയ്ക്കൽ/പേയ്മെന്റുകൾ നടത്തുന്നതിന് ദയവായി ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കരുത്, കാരണം ഇത് ആർ.ബി .ഐ.യുടെ മാസ്റ്റർ ഡയറക്ഷൻ - ഡയറക്ട് ഇൻവെസ്റ്റ്മെന്റ്സ് ബാ റെസിഡന്റ്സ് ഇൻ ജോയിന്റ് വെഞ്ചർ/ഹോളി ഓൺഡ് സബ്സിഡിയറി എബ്രോഡ് പ്രകാരം അനുവദനീയമായ ധനസഹായ രീതിയല്ല.

(v) 2022 ഒക്ടോബർ 01-നോ അതിനുശേഷമോ ഇഷ്യൂ ചെയ്യുന്ന പുതിയ കാർഡുകൾക്ക്, കാർഡ് ഉടമ 30 ദിവസത്തിനുള്ളിൽ കാർഡ് സജീവമാക്കിയിരിക്കണം. കാർഡ് ഉടമ ഒരു പിൻ സജ്ജീകരിക്കുകയോ ഓൺലൈൻ, അന്തർദേശീയ ഇടപാടുകൾ പോലുള്ള വിവിധ ഇടപാടുകൾക്കായി പരിധികൾ സജ്ജമാക്കുകയോ ചെയ്താൽ അല്ലെങ്കിൽ കാർഡ് വാങ്ങലുകൾക്കായി ഉപയോഗിക്കുകയാണെങ്കിൽ ഒരു കാർഡ് സജീവമാക്കിയതായി കണക്കാക്കും.

11. ഡിലൈറ്റ് പോയിന്റുകൾ

കാർഡ് വേരിയന്റും ഉൽപ്പന്ന സവിശേഷതകളിൽ നിർവചിച്ചിരിക്കുന്ന ബാധകമായ മെട്രിക്കുകളും അടിസ്ഥാനമാക്കി, യോഗ്യതയുള്ള എല്ലാ ഇടപാടുകളിലും ഡിലൈറ്റ് പോയിന്റുകൾ ലഭിക്കും. ഇടപാട് തീർപ്പാക്കിയതിനു ശേഷം മാത്രമേ ഡിലൈറ്റ് പോയിന്റുകൾ ഉപഭോക്താവിന് ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളൂ. ഇടപാട് തീർപ്പാക്കാത്തതും ബില്ലിംഗ് ഇല്ലാതെ തുക വിട്ടയച്ചതുമായ സാഹചര്യത്തിൽ, ഡിലൈറ്റ് പോയിന്റുകൾ ക്രെഡിറ്റ് ചെയ്യില്ല. താഴെയുള്ള പട്ടികയിൽ അക്കമിട്ടുപറഞ്ഞിരിക്കുന്ന ഇടപാട് കാറ്റഗറികളിൽ ഉപഭോക്താക്കൾക്ക് ഡിലൈറ്റ് പോയിന്റുകൾ നൽകില്ല.

<u>പോയിന്റുകളുടെ കാലഹരണ കാലാവധി</u>: ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് ചെയ്യുന്ന പോയിന്റുകൾക്ക് 3 വർഷത്തെ കാലാവധി ഉണ്ടായിരിക്കും. എന്നിരുന്നാലും, ഒരു കാമ്പെയ്നിലൂടെയോ പ്രൊമോഷണൽ ഓഫറിലൂടെയോ ക്രെഡിറ്റ് ചെയ്യപ്പെടുന്ന പോയിന്റുകൾക്ക് 1 വർഷത്തെ കാലാവധി മാത്രമേ ഉണ്ടാകൂ.

<u>ഡിലൈറ്റ് പോയിന്റുകൾ ശേഖരിക്കുന്നതിന് ഒഴിവാക്കിയിരിക്കുന്ന ഇടപാടുകൾ</u>: ഐ.ഡി.ബി.ഐ. ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന, ഇനിപ്പറയുന്നവ ഒഴികെയുള്ള, എല്ലാ ചെലവുകൾക്കും ഡിലൈറ്റ് പോയിന്റുകൾ നൽകും:

മർച്ചന്റ് കാറ്റഗറി കോഡ് (എം.സി.സി.)	വിവരണം
6010	ധനകാര്യ സ്ഥാപനങ്ങൾ-മാനുവൽ ക്യാഷ് ഡിസ്ബേഴ് സ്മെന്റുകൾ
6011	ധനകാര്യ സ്ഥാപനങ്ങൾ-മാനുവൽ ക്യാഷ് ഡിസ്ബേഴ് സ്മെന്റുകൾ
6211	സെക്യൂരിറ്റീസ്-ബ്രോക്കർമാർ/ഡീലർമാർ
6300	ഇൻഷുറൻസ് വിൽപ്പന, അണ്ടർറൈറ്റിംഗ്, പ്രീമിയങ്ങൾ
6381	ഇൻഷുറൻസ് പ്രീമിയങ്ങൾ
9211	ജീവനാംശം, കുട്ടികളുടെ പിന്തുണ എന്നിവയുൾപ്പെടെയുള്ള കോടതി ചെലവുകൾ
9222	പിഴകൾ
9311	നികുതി പേയ്മെന്റുകൾ
9399	സർക്കാർ സേവനങ്ങൾ - മറ്റൊരിടത്തും തരംതിരിച്ചിട്ടില്ലാത്തത്
9405	ഇൻട്രാ ഗവൺമെന്റ് പർച്ചേസുകൾ-സർക്കാർ മാത്രം
4112	പാസഞ്ചർ റെയിൽവേകൾ
5960	ഡയറക്ട് മാർക്കറ്റിംഗ്-ഇൻഷുറൻസ് സേവനങ്ങൾ
5541	സർവീസ് സ്റ്റേഷനുകൾ (അനുബന്ധ സേവനത്തോടുകൂടിയും അല്ലാതെയും)
5542	ഓട്ടോമേറ്റഡ് ഇന്ധന ഡിസ്പെൻസറുകൾ
5172	പെട്രോളിയം, പെട്രോളിയം ഉൽപ്പന്നങ്ങൾ
5983	ഇന്ധന ഡീലർമാർ - കൽക്കരി ഇന്ധന എണ്ണ, ദ്രവീകൃത പെട്രോളിയം ചരക്കുകൾ

ഡിലൈറ്റ് പോയിന്റുകൾ ഉപഭോക്താവിന് നൽകുകയും പിന്നീട് ഇടപാട് പഴയപടിയാക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്ത സാഹചര്യത്തിൽ, അനുബന്ധ പോയിന്റുകളുടെ എണ്ണം ഉപഭോക്താവിന്റെ പോയിന്റ് ബാലൻസിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെടും. ഉപഭോക്താവിന് മതിയായ പോയിന്റുകൾ ഇല്ലെങ്കിലോ പോയിന്റ് ബാലൻസ് ഡെബിറ്റ് ചെയ്യേണ്ട പോയിന്റുകളുടെ എണ്ണത്തേക്കാൾ കുറവാണെങ്കിലോ, മൊത്തം പോയിന്റ് ബാലൻസ് നെഗറ്റീവ് സംഖ്യയിലേക്ക് ഡെബിറ്റ് ചെയ്യപ്പെടും.

നിരാകരണം:

ഐ.ഡി.ബി.ഐ. ബാങ്കിന് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, ബാഹ്യ സേവന ദാതാവിന്റെ/ദാതാക്കളുടെയോ ഏജന്റിന്റെ/ഏജൻറുമാരുടെയോ സേവനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ആവശ്യപ്പെടുന്നതോ ആവശ്യമായിരിക്കുന്നതോ ആയ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കാം. അത്തരം സേവനങ്ങൾ നിറവേറ്റുന്നത് സേവന ദാതാവിന്റെ/ദാതാക്കളുടെ മാത്രം ഉത്തരവാദിത്തമാണ്.

ക്രെഡിറ്റ് കാർഡ് ഫീസിന്റെയും ചാർജുകളുടെയും ഷെഡ്യൂൾ

(ഏപ്രിൽ 13, 2023 മുതൽ പ്രാബല്യത്തിൽ)

1) ജോയിനിംഗ്, വാർഷിക & ആഡ്-ഓൺ കാർഡ് ഫീസ് / മറ്റുള്ളവ

ഐ.ഡി.ബി.ഐ. **ബാങ്ക് കാർഡ് വേരിയന്റ്**	**ജോയിനിംഗ് ഫീസ് – പ്രൈമറി / ആഡ് ഓൺ കാർഡ്**	**വാർഷിക ഫീസ് – പ്രാഥമിക കാർഡ് (രണ്ടാം വർഷം മുതൽ)**	**പുതുക്കൽ ഫീസ് - പ്രൈമറി / ആഡ് ഓൺ കാർഡ്**	**വാർഷിക ഫീസ്– ആഡ്-ഓൺ കാർഡ്**
ആസ്പയർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല
റോയൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല
യൂഫോറിയ	ഇല്ല	₹1499/- (മുൻ വർഷത്തെ മിനിമം ₹1,50,000/- ന്റെ ചെലവഴിക്കലുകൾക്ക് ഇളവ് ലഭിക്കും)	ഇല്ല	ഇല്ല
വിന്നിംഗ്സ്	ഇല്ല	₹899/- (മുൻ വർഷത്തെ മിനിമം ₹90,000/- ന്റെ ചെലവഴിക്കലുകൾക്ക് ഇളവ് ലഭിക്കും)	ഇല്ല	ഇല്ല
ഇംപീരിയം	ഇല്ല	₹499/- (മുൻ വർഷത്തെ മിനിമം ₹70,000/- ന്റെ ചെലവഴിക്കലുകൾക്ക് ഇളവ് ലഭിക്കും ലഭിക്കും)	ഇല്ല	ഇല്ല
എൽ.ഐ.സി. - ഇക്ലാറ്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
എൽ.ഐ.സി. - ലൂമിനെ	ഇല്ല	ഇല്ല	ഇല്ല	ഇല്ല

2) ഫിനാൻസ് / സർവീസ് ചാർജ്

ഐ.ഡി.ബി.ഐ. **ബാങ്ക് കാർഡ് വേരിയന്റ്**	**റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യത്തിന്മേലുള്ള പലിശ**		**ക്യാഷ് അഡ്വാൻസുകളിന്മേലുള്ള പലിശ**	
	പ്രതിമാസ നിരക്ക് (പ്ര.മാ.)	**വാർഷികമാക്കിയത് ശതമാന നിരക്ക് (പ്ര.വ.)**	**പ്രതിമാസ നിരക്ക് (പ്ര.മാ.)**	**വാർഷികമാക്കിയത് ശതമാന നിരക്ക് (പ്ര.വ.)**
ആസ്പയർ	2.90%	34.80%	2.90%	34.80%
റോയൽ	2.50%	30.00%	2.50%	30.00%
യൂഫോറിയ	2.90%	34.80%	2.90%	34.80%

വിന്നിംഗ്സ്	3.40%	40.80%	3.40%	40.80%
ഇംപീരിയം	2.90%	34.80%	2.90%	34.80%
എൽ.ഐ.സി. - ഇക്ലാറ്റ്	3.40%	40.80%	3.40%	40.80%
എൽ.ഐ.സി. - ലൂമിനെ	3.40%	40.80%	3.40%	40.80%

3) <u>മറ്റ് ഫീസുകളും ചാർജുകളും</u>

ഫീസുകളുടെയും ചാർജുകളുടെയും തരം	**തുക**
ക്യാഷ് അഡ്വാൻസ് ഇടപാട് ഫീസ്*	ഇടപാട് ഫീസിന്റെ 2.5% അല്ലെങ്കിൽ ₹500/- ഏതാണോ ഉയർന്നത് അത്
പണമടവ് വൈകിയതിനുള്ള ചാർജുകൾ (എൽ.പി.സി.) (സ്റ്റേറ്റ്മെന്റ് ബാലൻസ് അനുസരിച്ച്, ഓരോ സ്റ്റേറ്റ് മെന്റിനും) **	[illegible] : [illegible] < = ₹500 : [illegible] > ₹500 [illegible] = ₹5000 [illegible] : ₹400 > ₹5000 [illegible] < = ₹10000 [illegible] : ₹500 > ₹10000 [illegible] < = ₹20000 [illegible] : ₹750 > ₹20000 : ₹950
പരിധി കവിഞ്ഞാലുള്ള ഫീസ് ***	കുറഞ്ഞത് ₹500/- എന്നതിനു വിധേയമായി പരിധി കവിഞ്ഞ തുകയുടെ 2.5%
ചെക്ക് / ഓട്ടോ ഡെബിറ്റ് റിട്ടേൺ ചാർജുകൾ	₹500/-
ഐ.ഡി.ബി.ഐ. ബാങ്ക് ശാഖകളിൽ ക്രെഡിറ്റ് കാർഡ് പേയ്മെന്റിനുള്ള ക്യാഷ് ഡെപ്പോസിറ്റ് ചാർജുകൾ	₹200/-
ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റ് അഭ്യർത്ഥന	(മൂന്ന് മാസത്തിലധികം പഴക്കമുള്ള) ഒരു സ്റ്റേറ്റ്മെന്റിന് ₹100/ വീതം
കാർഡ് മാറ്റിത്തരുന്നതിനുള്ള ഫീസ്	₹200/-
ഇ.എം.ഐ. പലിശ നിരക്ക്	13% പ്ര.വ. (യോഗ്യതയുള്ള കാലാവധികൾ – 3, 6, 9, 12, 18, 24, 30, 36 മാസം)
ഇ.എം.ഐ. കൺവേർഷൻ ഫീസ്	ഇല്ല
ഇ.എം.ഐ. ഫോർക്ലോഷർ ഫീസ്	ഇല്ല
വിദേശ കറൻസി കൺവേർഷൻ ചാർജുകൾ	ബാങ്ക് 3.5% ക്രോസ് കറൻസി മാർക്ക് അപ്പ് ഈടാക്കുന്നു.

ഇന്ധന സർചാർജ് ഇളവ്	**ആസ്പയർ** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹4000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹300/- വരെയുള്ള ഇളവ്) **റോയൽ** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹5000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹300/- വരെയുള്ള ഇളവ്) **യൂഫോറിയ** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹5000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹300/- വരെയുള്ള ഇളവ്) **വിന്നിംഗ്സ് -** അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹4000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹300/- വരെയുള്ള ഇളവ്) **ഇംപീരിയം** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹4000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹400/- വരെയുള്ള ഇളവ്) **എൽ.ഐ.സി. - ഇക്ലാറ്റ്** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹5000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹400/- വരെയുള്ള ഇളവ്) **എൽ.ഐ.സി. - ലൂമിനെ** - അതെ (കുറഞ്ഞത് ₹400/ മുതൽ പരമാവധി ₹4000/- വരെയുള്ള ഇടപാട് മൂല്യത്തിന്, പ്രതിമാസം പരമാവധി ₹400/- വരെയുള്ള ഇളവ്)

റിവാർഡ് റിഡംപ്ഷൻ ഫീസ്	**ഇല്ല** (എല്ലാ കാർഡ് വേരിയന്റുകൾക്കും)
കാർഡ് അക്കൗണ്ട് ക്ലോഷർ ചാർജുകൾ	**ആസ്പയർ** - , **റോയൽ** - ഇല്ല, **യൂഫോറിയ** - ഇല്ല, **വിന്നിംഗ്സ്** - ഇല്ല, **ഇംപീരിയം** - ഇഷ്യൂ ചെയ്ത ഒരു വർഷത്തിനുള്ളിൽ അടച്ചാൽ ₹999/- **എൽ.ഐ.സി. - ഇക്ലാറ്റ്** - ഇഷ്യൂ ചെയ്ത ഒരു വർഷത്തിനുള്ളിൽ അടച്ചാൽ ₹999/- **എൽ.ഐ.സി. - ലൂമിനെ** - ഇഷ്യൂ ചെയ്ത ഒരു വർഷത്തിനുള്ളിൽ അടച്ചാൽ ₹999/-
ഐ.ആർ.സി.ടി.സി. ടിക്കറ്റുകൾ വാങ്ങുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള നിരക്കുകൾ. റദ്ദാക്കുന്നതിനോ ഉള്ള ചാർജുകകൾ.	ഐ.ആർ.സി.ടി.സി. / ഇന്ത്യൻ റെയിൽവേ നിർദ്ദേശിച്ച പ്രകാരം

ബാങ്ക് നിലവിൽ ബാലൻസ് ട്രാൻസ്ഫർ സൗകര്യം നൽകുന്നില്ല.
കൂടുതൽ വിവരങ്ങൾക്ക്, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: www.ഐ.ഡി.ബി.ഐ.bank.in
ശ്രദ്ധിക്കുക: എല്ലാ ഫീസുകളും ചാർജുകളും ബാധകമായ ചരക്ക് സേവന നികുതി ഒഴിവാക്കിയുള്ളതാണ്.

ക്രെഡിറ്റ് കാർഡ് കസ്റ്റമർ കെയർ നമ്പറുകൾ: 1800-209-4324 / 1800-22-1070 **(ടോൾ ഫ്രീ),** 022 67719100 **(നോൺ-ടോൾ ഫ്രീ) വെബ്സൈറ്റ്:** www.ഐ.ഡി.ബി.ഐ.bank.in | **ഇ-മെയിൽ വിലാസം:** customercare@ഐ.ഡി.ബി.ഐ..co.in

CIN - L65190MH2004GOI148838